സ്ത്രീ സമൂഹത്തിന്റെ
മുന്നണിപ്പോരാളി
**മഹിളാവീഥി**
മാഗസിൻ

# പീപ്പിൾസ് റിവ്യൂ

സത്യാന്വേഷണ പ്രമദിത്വം
Estd : 2007
സത്യത്തിൻ സാക്ഷി ധർമത്തിൻ പാതയിൽ

പ്രവാസത്തിനു
പുതിയ അർത്ഥതലങ്ങൾ
**പ്രവാസി റിവ്യൂ**
മാഗസിൻ

2024 ഏപ്രിൽ 28 ഞായർ
ptnizar@rediffmail.com 9037319971
www.peoplesreview.co.in

PUBLISHED FROM KOZHIKODE email: peoplesreviewdaily@gmail.com Ph. 0495 2769086, 9037319971 P.B. NO. 15 വില: 2 രൂപ




### വടകരയിൽ പരാതിക്കൊരുങ്ങി യുഡിഎഫ്;

## പോളിങ് വൈകിയത് സിപിഎം അട്ടിമറിയെന്ന്

കോഴിക്കോട്: വടകരയിൽ രാത്രി വൈകിയും നീണ്ട പോളിങ്ങിൽ തെരഞ്ഞെടുപ്പ് കമ്മീഷന് ഉടൻ പരാതി നൽകാനൊരുങ്ങി യുഡിഎഫ്. യുഡിഎഫ് അനുകൂല ബൂത്തുകളിൽ ഉദ്യോഗസ്ഥരെ ഉപയോഗിച്ച് സിപിഎം ബോധപൂർവം അട്ടിമറി നടത്താൻ ശ്രമിച്ചു എന്നാണ് യുഡിഫ് ആക്ഷേപം.

അതേസമയം വൈകീട്ട് കൂടുതൽ വോട്ടർമാർ കൂട്ടത്തോടെ എത്തിയതാണ് പോളിങ് നീളാൻ കാരണം എന്നായിരുന്നു തെരഞ്ഞെടുപ്പ് കമ്മീഷൻറെ വിശദീകരണം. പരാതി കിട്ടിയാൽ പരിശോധിക്കാമെന്നും മുഖ്യ തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ സഞ്ജയ് കൗൾ അറിയിച്ചിരുന്നു.കേരളം ഉറ്റുനോക്കുന്നൊരു മണ്ഡലമാണ് വടകര. ഇഞ്ചോടിഞ്ച് പോരാട്ടമാണ് വടകരയിൽ നടക്കുന്നത്. യുഡിഎഫിന് വേണ്ടി ഷാഫി പറമ്പിൽ എൽഡിഎഫിന് വേണ്ടി കെകെ ശൈലജ എന്നിവരാണ് മത്സരിക്കുന്നത്. ഇവർ തമ്മിൽ തന്നെയാണ് മത്സരം. പ്രഫുൽ കൃഷ്ണനാണ് എൻഡിഎയുടെ സ്ഥാനാർത്ഥി.

തെരഞ്ഞെടുപ്പിനിടെ പലവട്ടം ചർച്ചകളിൽ നിറഞ്ഞുനിന്ന മണ്ഡലമാണ് വടകരയിലേത്. ആദ്യം യുഡിഎഫിൻറെ സ്ഥാനാർത്ഥി മാറ്റത്തിലൂടെ തന്നെ വടകര ശ്രദ്ധേയമായിരുന്നു. കെ മുരളീധരന് പകരം ഷാഫി പറമ്പിൽ യുഡിഎഫിനായി കളത്തിലിറങ്ങിയതോടെ മത്സരം കൊഴുത്തതേയുള്ളൂ.

ഇതിന് ശേഷം പാനൂർ സ്ഫോടനം, കെകെ ശൈലജയ്ക്കെതിരായ വീഡിയോ വിവാദം, ഷാഫിക്കെതിരായ സൈബർ ആക്രമണം എന്നിങ്ങനെ പല വിഷയങ്ങളും വോട്ടെടുപ്പ് ദിനം വരെ വടകരയെ സജീവമാക്കി നിർത്തിയിരുന്നു.

വടകരയിൽ പോളിങ് നീണ്ടുപോയതും പോളിങ് കുറഞ്ഞതും സിപിഎമ്മിൻറെ അട്ടിമറിയാണെന്നാണ് യുഡിഎഫിൻറെ ആരോപണം. അതേസമയം വടകരയിൽ മാത്രമല്ല പലയിടങ്ങളിലും പോളിങ് വൈകിയെന്നും യുഡിഐഫിന് പരാജയഭീതിയാണെന്നുമായിരുന്നു വടകരയിലെ എൽഡിഎഫ് സ്ഥാനാർത്ഥി കെകെ ശൈലജയുടെ പ്രതികരണം.

## ജമ്മു കശ്മീരിൽ മണ്ണിടിച്ചിലിൽ വ്യാപക നാശനഷ്ടം; 50ലേറെ വീടുകൾ തകർന്നു

ശ്രീനഗർ: ജമ്മു കശ്മീരിലെ റംബാൻ ജില്ലയിലുണ്ടായ മണ്ണിടിച്ചിലിൽ വ്യാപക നാശനഷ്ടം. 58 വീടുകൾ പൂർണമായും 100 വീടുകൾ ഭാഗികമായും തകർന്നു. ഇതേ തുടർന്ന് 500ലധികം കുടുംബങ്ങളെ സുരക്ഷിത സ്ഥാനങ്ങളിലേക്ക് മാറ്റിപ്പാർപ്പിച്ചതായി അധികൃതർ അറിയിച്ചു. വ്യാഴാഴ്ച വൈകീട്ട് മുതലാണ് ഗ്രാമത്തിൽ പ്രകൃതിക്ഷോഭം ആരംഭിച്ചത്.സംസ്ഥാന ദുരന്ത നിവാരണ സേനയുടെ മാനദണ്ഡങ്ങൾക്കനുസരിച്ച് ദുരിതബാധിത കുടുംബങ്ങൾക്കുള്ള നഷ്ടപരിഹാരം വേഗത്തിൽ ലഭ്യമാക്കാൻ പെർനോട്ട് വില്ലേജിലെ മണ്ണിടിച്ചിൽ മൂലമുള്ള നാശനഷ്ടങ്ങളുടെ വിലയിരുത്തലും യുദ്ധകാലാടിസ്ഥാനത്തിൽ ആരംഭിച്ചതായി ഉദ്യോഗസ്ഥരിലൊരാൾ പറഞ്ഞു.

മണ്ണിടിച്ചിലിൽ നാല് ട്രാൻസ്മിഷൻ ടവറുകൾ, ഒരു പവർ റിസീവിങ് സ്റ്റേഷൻ, ഗൂൾ സബ് ഡിവിഷനെ റംബാൻ ജില്ലാ ആസ്ഥാനവുമായി ബന്ധിപ്പിക്കുന്ന റോഡിന്റെ ഒരു ഭാഗം എന്നിവയ്ക്കും കേടുപാടുകൾ സംഭവിച്ചു. ജില്ലാ ദുരന്തനിവാരണ അതോറിറ്റി ചെയർമാൻ കൂടിയായ ഡെപ്യൂട്ടി കമ്മീഷണർ ബസീറുൽ ഹഖ് ചൗധരിയുടെ മേൽനോട്ടത്തിൽ റംബാൻ ജില്ലാ ഭരണകൂടം ദുരിതബാധിതരായ എല്ലാ കുടുംബങ്ങളെയും മാറ്റിപ്പാർപ്പിച്ചു. പ്രതികൂല കാലാവസ്ഥയെ തുടർന്നാണ് ജില്ലാ ഭരണകൂടം ഒഴിപ്പിക്കൽ നടത്തിയത്.

ദുരിതബാധിതരായ ഭൂരിഭാഗം കുടുംബങ്ങളെയും മൈത്ര കമ്മ്യൂണിറ്റി ഹാളിലേക്ക് മാറ്റി. ദേശീയ-സംസ്ഥാന ദുരന്തനിവാരണ സേന, പൊലീസ്, സിവിൽ വോളന്റിയർമാർ, മറ്റ് സംഘടനകൾ എന്നിവരെ രക്ഷാപ്രവർത്തനത്തിനായി അണിനിരത്തുന്നതിനൊപ്പം ദുരിതബാധിതരെ സഹായിക്കാനായി റംബാൻ ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ യാസിർ വാനിയുടെ മേൽനോട്ടത്തിൽ 24:7 കൺട്രോൾ റൂമും സ്ഥാപിച്ചിട്ടുണ്ട്.

കൂടാതെ, കുടിയിറക്കപ്പെട്ടവരുടെ ആരോഗ്യ സംരക്ഷണ ആവശ്യങ്ങൾ പരിഹരിക്കാനായി മെഡിക്കൽ ഉദ്യോഗസ്ഥർ ഉൾക്കൊള്ളുന്ന ആരോഗ്യ ക്യാമ്പ് ആരംഭിച്ചിട്ടുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ശുചീകരണവും ശുചിത്വവും പരമപ്രധാനമായതിനാൽ, ജില്ലാ ഭരണകൂടം ആരോഗ്യ ക്യാമ്പുകളിൽ ശുചിത്വ മാനദണ്ഡങ്ങൾ കർശനമായി പാലിക്കുന്നു. മാത്രമല്ല, ദുരിതബാധിതർക്ക് കൃത്യസമയത്തും ശുചിത്വത്തോടെയും ഭക്ഷണം നൽകാനായി ഒരു കമ്മ്യൂണിറ്റി കിച്ചണും ആരംഭിച്ചിട്ടുണ്ട്.

അതിനിടെ, റംബാനിലെ മണ്ണിടിച്ചിൽ വിലയിരുത്താനും ഇത്തരം ദുരന്തങ്ങൾ ആവർത്തിക്കാതിരിക്കാനുള്ള നടപടികൾ സ്വീകരിക്കാനും ഉന്നത വിദഗ്ധരുടെ സംഘത്തെ അയക്കണമെന്ന് നാഷണൽ കോൺഫറൻസ് കേന്ദ്രത്തോട് ആവശ്യപ്പെട്ടു.

## കോൺഗ്രസിന് വൻ തിരിച്ചടി, ദില്ലി പിസിസി അധ്യക്ഷൻ അരവിന്ദർ സിങ് ലവ്‌ലി രാജിവച്ചു

ദില്ലി:തെരഞ്ഞെടുപ്പിനിടെ കോൺഗ്രസിന് വൻ തിരിച്ചടി. ദില്ലി പിസിസി അധ്യക്ഷൻ അരവിന്ദർ സിംഗ് ലവ്‌ലി രാജി വച്ചു. സംഘടന തലത്തിലെ അതൃപ്തിയാണ് രാജിക്ക് കാരണം.

കനയ്യ കുമാറിൻറെ സ്ഥാനാർത്ഥിത്വത്തിലടക്കം പ്രതിഷേധം. ദില്ലിയുടെ ചുമതലയുള്ള എഐസിസി ജനറൽ സെക്രട്ടറിയുമായുള്ള തർക്കമാണ് രാജിവെക്കാൻ കാരണമെന്നാണ് രാജികത്തിൽ ലവ്‌ലി വ്യക്തമാക്കുന്നത്.

പിസിസി അധ്യക്ഷ സ്ഥാനം രാജിവച്ചുകൊണ്ട് കോൺഗ്രസ് അഖിലേന്ത്യ അധ്യക്ഷൻ മല്ലികാർജുൻ ഖർഗെക്കാണ് കത്ത് നൽകിയത്. 2023 ആഗസ്റ്റ് 31നാണ് ദില്ലി പിസിസി അധ്യക്ഷനായി ലവ്‌ലിയെ നിയമിക്കുന്നത്.



കഴിഞ്ഞ എട്ടുമാസമായി പാർട്ടി ഏൽപ്പിച്ച ഉത്തരവാദിത്വം വഹിക്കാനായതിൽ സന്തോഷമുണ്ടെന്നും രാജികത്തിൽ പറയുന്നുണ്ട്. രാജിവെക്കാനുള്ള കാരണങ്ങളും രാജികത്തിൽ വിശദമായി പറയുന്നുണ്ട്. മെയ് 25നാണ് ദില്ലിയിൽ ലോക്സഭ തെരഞ്ഞെടുപ്പ് നടക്കുന്നത്. തെരഞ്ഞെടുപ്പ് നടക്കാനിരിക്കെ പിസിസി അധ്യക്ഷൻ രാജിവച്ചത് കോൺഗ്രസിന് വലിയ തിരിച്ചടിയായി മാറിയിരിക്കുകയാണ്. തെരഞ്ഞെടുപ്പ് പ്രചാരണ പ്രവർത്തനങ്ങളെ ഉൾപ്പെടെ രാജി ബാധിച്ചേക്കും.

അതേസമയം, ദില്ലി പിസിസി അധ്യക്ഷൻറെ രാജിയോടെ കോൺ?ഗ്രസ് ആശയകുഴപ്പത്തിലേക്ക് കൂപ്പുകുത്തിയെന്ന് ബിജെപി നേതാവ് ഷെഹ്സാദ് പൂനെവാല ആരോപിച്ചു. കോൺഗ്രസിന് കാഴ്ചപ്പാടും ലക്ഷ്യവുമില്ലാതായെന്നതിന് തെളിവാണിത്. സൈന്യത്തെ അപമാനിച്ച കനയ്യ കുമാറിനെ പോലുള്ളവർക്കാണ് ദില്ലിയിൽ സീറ്റ് നൽകിയതെന്നും ഷെഹ്സാദ് പൂനെവാല ആരോപിച്ചു.

## കൽത്തൂണിൽ ഊഞ്ഞാൽ കെട്ടി ആടുന്നതിനിടെ തൂൺ ദേഹത്ത് പതിച്ച് വിദ്യാർത്ഥിക്ക് ദാരുണാന്ത്യം

കോഴിക്കോട്: ഊഞ്ഞാൽ ആടുന്നതിനിടെ കയർ കെട്ടിയ കൽത്തൂൺ ദേഹത്ത് പതിച്ച് പതിമൂന്നുകാരന് ദാരുണാന്ത്യം. ന്യൂമാഹി തിരുവങ്ങാട് വലിയ മാടാവിൽ സ്കൂളിലെ ഏഴാം ക്ലാസ് വിദ്യാർത്ഥിയായ കെപി ശ്രീനികേതാണ് മരിച്ചത്. വലിയ മാടാവിൽ സ്കൂൾ അധ്യാപികയായ കെ സുനിലയുടെയും പാലയാട് ഹയർ സെക്കൻഡറി സ്കൂൾ അധ്യാപകൻ പാറാൽ ചൈത്രം വീട്ടിൽ കെപി മഹേഷിന്റെയും മകനാണ്.



മഹേഷിന് തിരഞ്ഞെടുപ്പ് ഡ്യൂട്ടിയുണ്ടായിരുന്നതിനാൽ സുനില വോട്ട് ചെയ്യാനായി പോകുന്ന സമയത്ത് മക്കൾ തനിച്ചാകേണ്ടെന്ന് കരുതി ശ്രീനികേതിനെയും സഹോദരിയും പ്ലസ് ടു വിദ്യാർത്ഥിനിയുമായ ലക്ഷ്മി നന്ദയെയും പുന്നോൽ ആച്ചുകുളങ്ങരയിലെ തറവാട്ടുവീട്ടിൽ ആക്കിയിരുന്നു. ഈ വീട്ടിൽ ഉണ്ടായിരുന്ന കൽത്തൂണിൽ ഊഞ്ഞാൽ കെട്ടി ആടുന്നതിനിടയിലാണ് അപകടം സംഭവിച്ചത്. ശ്രീനികേതിനെ ഉടൻ തലശ്ശേരി ജനറൽ ആശുപത്രിയിൽ എത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല. സംഭവത്തിൽ ന്യൂമാഹി പൊലീസ് അസ്വാഭാവിക മരണത്തിന് കേസെടുത്തു.

## ജെഡിഎസ് എം.പിയുൾപ്പെട്ട അശ്ലീല വീഡിയോ കേസ്: പ്രത്യേക അന്വേഷണ സംഘം രൂപീകരിക്കാൻ ഉത്തരവിട്ട് സർക്കാർ

ബെംഗളൂരു: കർണാടകയിലെ ഹാസൻ എംപിയും ജെഡിഎസ് സ്ഥാനാർഥിയുമായ പ്രജ്വൽ രേവണ്ണ ഉൾപ്പെട്ട അശ്ലീല വീഡിയോ കേസ് അന്വേഷിക്കാൻ പ്രത്യേക അന്വേഷണ സംഘം രൂപീകരിക്കാൻ ഉത്തരവിട്ട് മുഖ്യമന്ത്രി സിദ്ധരാമയ്യ. സ്ത്രീകളുടെ സമ്മതമില്ലാതെ ചിത്രീകരിച്ച വീഡിയോകൾ ഹാസനിൽ പ്രചരിക്കാൻ തുടങ്ങിയതിന് പിന്നാലെ, പ്രത്യേക അന്വേഷണ സംഘത്തെ രൂപീകരിക്കാൻ സംസ്ഥാന വനിതാ കമ്മീഷൻ വ്യാഴാഴ്ച മുഖ്യമന്ത്രിയോട് ആവശ്യപ്പെട്ടിരുന്നു.

കമ്മീഷന്റെ അഭ്യർഥന മാനിച്ചാണ് തീരുമാനമെന്ന് സിദ്ധരാമയ്യ വ്യക്തമാക്കി. കർണാടകയിലെ വോട്ടെടുപ്പിന് രണ്ട് ദിവസം മുമ്പാണ് സോഷ്യൽമീഡിയയിൽ അശ്ലീല വീഡിയോകൾ വൈറലായത്. അതേസമയം, ഹാസനിൽ തെരഞ്ഞെടുപ്പ് നടന്നതിന്റെ പിറ്റേന്നു തന്നെ കർണാടക ജെഡിഎസ് അധ്യക്ഷനും മുൻ പ്രധാനമന്ത്രിയുമായ എച്ച്ഡി ദേവഗൗഡയുടെ ചെറുമകൻ കൂടിയായ പ്രജ്വൽ രേവണ്ണ ജർമനിയിലേക്ക് പറന്നു. ശനിയാഴ്ചയാണ് രേവണ്ണ ജർമനിയിലേക്ക് പോയത്.


'പ്രജ്വൽ രേവണ്ണ ഉൾപ്പെട്ട അശ്ലീല വീഡിയോ കേസുമായി ബന്ധപ്പെട്ട് പ്രത്യേക അന്വേഷണ സംഘം രൂപീകരിക്കാൻ സർക്കാർ തീരുമാനിച്ചു. ഹാസൻ ജില്ലയിൽ സ്ത്രീകൾ ലൈംഗികമായി പീഡിപ്പിക്കപ്പെടുന്നതുൾപ്പെടെയുള്ള അശ്ലീല വീഡിയോ ക്ലിപ്പുകൾ പ്രചരിക്കുകയാണ്. ഈ പശ്ചാത്തലത്തിൽ എസ്ഐടി അന്വേഷണം നടത്താൻ വനിതാ കമ്മീഷൻ അധ്യക്ഷ സർക്കാരിന് കത്ത് നൽകിയിരുന്നു. അവരുടെ അഭ്യർഥന മാനിച്ചാണ് ഈ തീരുമാനം'- സിദ്ധരാമയ്യ എക്സിൽ കുറിച്ചു.

'ലൈംഗികാതിക്രമ ആരോപണങ്ങൾ ഹാസനിലെ നേതാവിനെതിരെ മാത്രം ഉന്നയിക്കപ്പെട്ടതല്ല. കർണാടക ബിജെപി അധ്യക്ഷൻ ബി.വൈ വിജയേന്ദ്രയും മറ്റുള്ളവരും ഇക്കാര്യത്തിൽ ഉത്തരം പറയണം. വനിതാ കമ്മീഷൻ തങ്ങളുടെ പ്രതിച്ഛായ തകർക്കാൻ ശ്രമിക്കുന്നുവെന്ന ആരോപണങ്ങൾ കേട്ടു. മുഖ്യമന്ത്രിക്ക് കമ്മീഷൻ കത്തയച്ചിട്ടുണ്ട്'- ശിവകുമാറിനെ ഉദ്ധരിച്ച് വാർത്താ ഏജൻസിയായ എഎൻഐ റിപ്പോർട്ട് ചെയ്തു.രേവണ്ണയെ അപകീർത്തിപ്പെടുത്താൻ ലക്ഷ്യമിട്ട് നവീൻ ഗൗഡയെന്നയാളും മറ്റു ചിലരും മോർഫിങ് വീഡിയോ പ്രചരിപ്പിച്ചുവെന്ന് ആരോപിച്ച് ജെഡിഎസ്- ബിജെപി തെരഞ്ഞെടുപ്പ് ഏജന്റായ പൂർണചന്ദ്ര തേജസ്വി എംജി പരാതി നൽകിയിട്ടുണ്ട്. 'പ്രജ്വൽ രേവണ്ണയെ മോശമായി ചിത്രീകരിക്കാൻ നവീൻ ഗൗഡയും മറ്റുള്ളവരും ചില വീഡിയോകളും ചിത്രങ്ങളും മോർഫ് ചെയ്ത് ഹാസൻ മണ്ഡലത്തിലെ വോട്ടർമാർക്കിടയിൽ പെൻഡ്രൈവ്, സിഡികൾ, വാട്ട്സ്ആപ്പ് എന്നിവയിലൂടെ പ്രചരിപ്പിച്ചു'- പരാതിയിൽ പറയുന്നു.ഹോളനരസിപുര എംഎൽഎയും മുൻ മന്ത്രിയുമായ എച്ച്.ഡി രേവണ്ണയുടെ മകനായ പ്രജ്വൽ രേവണ്ണ രണ്ടാം തവണയാണ് മണ്ഡലത്തിൽ നിന്ന് ജനവിധി തേടുന്നത്. കോൺഗ്രസ് സ്ഥാനാർഥി ജി പുട്ടസ്വാമി ഗൗഡയുടെ ചെറുമകൻ ശ്രേയസ് എം പട്ടേലാണ് എതിർ സ്ഥാനാർഥി.

## 30 വർഷത്തെ പ്രവാസ ജീവിതം; മലയാളി സൗദിയിൽ നിര്യാതനായി

റിയാദ്: തിരുവനന്തപുരം സ്വദേശി ജിദ്ദയിൽ നിര്യാതനായി. ബീമാപള്ളി സ്വദേശി പരേതനായ മുഹമ്മദ് നൂഹിന്റെ മകൻ മുഹമ്മദ് സലീം (54) ആണ് മരിച്ചത്.

അസുഖത്തെ തുടർന്ന് ജിദ്ദയിലെ സ്വകാര്യ ക്ലിനിക്കിൽ ചികിത്സയിലിരിക്കെ വെള്ളിയാഴ്ചയായിരുന്നു മരണം. മൂന്ന് പതിറ്റാണ്ടു കാലമായി സൗദിയിൽ പ്രവാസ ജീവിതം നയിച്ചുവരികയായിരുന്ന ഇദ്ദേഹം ഖമീസ് മുശൈത്ത് മുനിസിപ്പാലിറ്റിയിൽ 25 വർഷത്തോളം ഡ്രൈവറായി ജോലി ചെയ്തിരുന്നു. ശേഷം ടാക്സി ഡ്രൈവർ ആയി ജോലി ചെയ്തുവരികയായിരുന്നു.



അടുത്ത കാലത്താണ് ഖമീസ് മുശൈത്തിൽ നിന്നും ജിദ്ദയിലേക്ക് ജോലി മാറിയത്. അസീറിൽ ജീവകാരുണ്യ, സാമൂഹിക പ്രവർത്തന രംഗത്ത് സജീവ സാന്നിധ്യമായിരുന്നു.

നിയമനടപടികൾ പൂർത്തിയാക്കി മൃതദേഹം ഞായറാഴ്ച രാവിലെ ജിദ്ദ റുവൈസ് മഖ്ബറയിൽ ഖബറടക്കും. തുടർ നടപടികൾക്കായി ഖമീസ് മുശൈത്തിൽ ജോലി ചെയ്യുന്ന മകൻ സാബിർ ഖാൻ ജിദ്ദയിലെത്തിയിട്ടുണ്ട്. മാതാവ്:സുബൈദ, ഭാര്യ: ബീവി ജഹാൻ കുട്ടികൾ: സാബിർ ഖാൻ, സാബിറ, മിർസ.

## മോദിക്കും യോഗിക്കും പിന്നാലെ വിദ്വേഷം തുപ്പി കേന്ദ്രമന്ത്രിയും; 'കോൺഗ്രസ് നിങ്ങളുടെ മക്കളുടെ സ്വത്ത് മുസ്‌ലിംകൾക്ക് നൽകും'

ന്യൂഡൽഹി: ലോക്സഭാ തെരഞ്ഞെടുപ്പ് പ്രചരണങ്ങൾക്കിടെ പ്രധാനമന്ത്രി നരേന്ദ്രമോദിക്കും യു.പി മുഖ്യമന്ത്രി യോഗി ആദിത്യനാഥിനും പിന്നാലെ വിദ്വേഷ പ്രചരണവുമായി കേന്ദ്രമന്ത്രിയും. 'നിങ്ങളുടെ മക്കളുടെ സ്വത്ത് മുസ്‌ലിംകൾക്ക് നൽകാൻ കോൺഗ്രസ് ആഗ്രഹിക്കുന്നു' എന്ന് പറഞ്ഞ് കേന്ദ്രമന്ത്രി അനുരാഗ് താക്കൂറാണ് പുതിയ വിവാദത്തിന് തിരികൊളുത്തിയത്.

പ്രധാനമന്ത്രിയുടെ വിവാദ പ്രസം?ഗത്തെ പിന്തുണച്ചും ഏറ്റുപിടിച്ചും ബിജെപി നേതാക്കൾ രം?ഗത്തെത്തിയതിനു പിന്നാലെയാണ് കേന്ദ്രമന്ത്രിയുടെയും പ്രസ്താവന. ഹിമാചൽ പ്രദേശിലെ ഹമീർപുറിൽ തെരഞ്ഞെടുപ്പ് റാലിയെ അഭിസംബോധന ചെയ്ത് സംസാരിക്കുകയായിരുന്നു താക്കൂർ.'കോൺഗ്രസിന്റെ പ്രകടന പത്രികയിൽ കോൺഗ്രസിന്റെ കൈയ്ക്കൊപ്പം നിങ്ങളുടെ മക്കളുടെ സ്വത്ത് മുസ്‌ലിംകൾക്ക് നൽകാനും രാജ്യത്തിന്റെ ആണവായുധങ്ങൾ അവസാനിപ്പിക്കാനും ജാതീയതയിലും പ്രാദേശികതയിലും രാജ്യത്തെ വിഭജിക്കാനും ആഗ്രഹിക്കുന്ന വിദേശ ശക്തികളുടെ കൈകളും ദൃശ്യമാണ്'- താക്കൂർ പറഞ്ഞു. തുക്ക്ഡ- തുക്ക്ഡ സംഘം കോൺഗ്രസിനെ പൂർണമായും വളഞ്ഞിരിക്കുകയാണെന്നും അവരുടെ ആശയങ്ങൾ ഹൈജാക്ക് ചെയ്തിരിക്കുകയാണെന്നും അനുരാഗ് താക്കൂർ ആരോപിച്ചു.'കോൺഗ്രസിന്റെ 'തുക്ക്ഡ-തുക്ക്ഡ' സംഘത്തോടൊപ്പമാണോ അതോ 'ഏക് ഭാരത്, ശ്രേഷ്ഠ ഭാരത്' എന്നതിൽ വിശ്വസിക്കുന്ന നരേന്ദ്രമോദിയുടെ കൂടെയാണോ പോവേണ്ടത് എന്ന് നിങ്ങൾ തീരുമാനിക്കണം. കുട്ടികളുടെ സ്വത്ത് അവരുടെ പക്കലായിരിക്കണമോ അതോ മുസ്‌ലിംകൾക്ക് നൽകണമോ എന്ന് നിങ്ങൾ തീരുമാനിക്കണം'- താക്കൂർ പറഞ്ഞു.

## കോഴിക്കോട് ആശുപത്രികളിൽ തിരക്ക്; ആയിരക്കണക്കിന് പനി കേസുകൾ

കോഴിക്കോട്: വേനൽ കനക്കുന്നതോടെ കോഴിക്കോട്ട് പനി കേസുകൾ വ്യാപകമാകുന്നു. പനി മാത്രമല്ല ആളുകളെ ആശങ്കയിലാഴ്ത്തുന്നത്. ഡെങ്കിപ്പനി, മഞ്ഞപ്പിത്തം എന്നീ രോഗങ്ങളുടെ പടർച്ചയും ആധിയുണ്ടാക്കുന്നതാണ്.

ജില്ലയിൽ രണ്ടാഴ്ച്ചയ്ക്കുള്ളിൽ 8500ഓളം പേരാണ് സർക്കാർ ആശുപത്രികളിൽ മാത്രം പനിക്ക് ചികിത്സ തേടിയെത്തിയിരിക്കുന്നത്. ഇതിൽ നിന്ന് തന്നെ പനി എത്രമാത്രം വ്യാപകമായിട്ടുണ്ടെന്നത് മനസിലാക്കാവുന്നതാണ്.

പനി ബാധിച്ച് ശരാശരി 250ലധികം ആളുകളാണ് ഒരു ദിവസം സർക്കാർ ആശുപത്രികളിയിലെത്തുന്നത്. ഇതിന് പുറമെ സ്വകാര്യ ആശുപത്രിയിൽ എത്തുന്നവരുടെ എണ്ണത്തിലും വർധനവ് ഉണ്ടായിട്ടുണ്ട്. ബുധനാഴ്ചയാണ് ഏറ്റവും കൂടുതൽ ആളുകൾ പനിക്ക് ചികിത്സ തേടിയെത്തിയത്. 821 പേർ ആണ് അന്ന് മാത്രം പനി ബാധിച്ച് ആശുപത്രികളിലെത്തിയിരിക്കുന്നത്.

വിട്ടുമാറാത്ത ചുമയും ജലദോഷവും കടുത്ത ക്ഷീണവുമാണ് നിലവിൽ പടരുന്ന പനിയുടെ പ്രധാന ലക്ഷണങ്ങൾ. പനിക്ക് പുറമേ 44 ഡെങ്കിപ്പനി കേസുകളും, 21 മഞ്ഞപ്പിത്ത കേസുകളുമാണ് ജില്ലയിൽ കഴിഞ്ഞ ഒരാഴ്ചയ്ക്കുള്ളിൽ റിപ്പോർട്ട് ചെയ്തത്. മലയോര മേഖലകളിലാണ് ഡെങ്കിപ്പനി പ്രധാനമായും വ്യാപിക്കുന്നത്.

ഈഡിസ് കൊതുകകളിൽ നിന്ന് പടരുന്ന ഡെങ്കിപ്പനി മഴക്കാലരോഗമാണെങ്കിലും, നിലവിൽ പടരാനുള്ള കാരണം വ്യക്തമല്ല എന്നാണ് അധികൃതർ വിശദീകരിക്കുന്നത്. ചൂട് കൂടിയതോടെ ശുദ്ധമല്ലാത്ത വെള്ളം കുടിക്കുന്നതാണ് മഞ്ഞപ്പിത്തം പടരാനുള്ള പ്രധാന കാരണം. ജാഗ്രത ഇല്ലെങ്കിൽ മഞ്ഞപ്പിത്തം ഇനിയും പടരാനുള്ള സാധ്യത കൂടുതലാണെന്നും അധികൃതർ അറിയിക്കുന്നു.

ജില്ലയിൽ മഞ്ഞപ്പിത്തം ബാധിച്ച് ഇതിനകം രണ്ടുപേർ മരിച്ചു. രോഗലക്ഷണങ്ങൾ മൻസിലാക്കി കൃത്യമായി ചികിത്സിക്കുന്നത് രോഗങ്ങൾ കൂടുതൽ വ്യാപിക്കുന്നത് തടയാൻ സഹായിക്കും.

വേനൽ കടുക്കുന്ന സാഹചര്യത്തിൽ രോഗം വരാതെ ഇരിക്കാനുള്ള പ്രതിരോധ പ്രവർത്തനങ്ങൾ ഊർജിതമാക്കുകയാണ് പ്രധാന മാർഗം.

## പൊന്നാനിയിലും മലപ്പുറത്തും ലീഗിന് 'ക്ഷീണം'?; സമസ്ത-ലീഗ് പ്രശ്നം മണ്ഡലങ്ങളിൽ ബാധിച്ചുവെന്ന് എൽഡിഎഫ്

കോഴിക്കോട്: സമസ്തയിലെ ഒരു വിഭാഗവും മുസ്ലീം ലീഗും തമ്മിലുള്ള പ്രശ്നങ്ങൾ ന്യൂനപക്ഷ മേഖലകളിലെ പോളിങ്ങിനെ ബാധിച്ചതായി ഇടതുമുന്നണിയുടെ വിലയിരുത്തൽ. പരമ്പരാഗതമായി ലീഗിന് വോട്ടു ചെയ്തിരുന്ന സമസ്തയിലെ ഒരു വിഭാഗം ഇക്കുറി വോട്ടെടുപ്പിൽ നിന്ന് വിട്ടുനിന്നെന്ന വിലയിരുത്തലിലാണ് ഇടതു മുന്നണി. സമസ്തയുടെ പേരിൽ ലീഗ് സ്ഥാനാർത്ഥിക്കെതിരെ സൈബർ പ്രചാരണം ശക്തമായിരുന്ന പൊന്നാനിയിലും മലപ്പുറത്തും പോളിങ് കുറഞ്ഞത് ഭൂരിപക്ഷം കുറക്കുമോയെന്ന ആശങ്ക മുസ്ലീം ലീഗിനുമുണ്ടെന്നാണ് സൂചന.

യുഡിഎഫ് സ്ഥാനാർത്ഥി അബ്ദുസമദ് സമദാനിയെ തോൽപ്പിക്കണമെന്ന ആഹ്വാനവുമായി സൈബർ ഇടങ്ങളിൽ സമസ്തയുടെ പേരിൽ പ്രചരിപ്പ പോസ്റ്ററുകൾക്ക് കണക്കില്ല. വാശിയേറിയ പോളിങ് പ്രതീക്ഷിച്ചെങ്കിലും കഴിഞ്ഞ തവണത്തേതിനേക്കാൾ അഞ്ച് ശതമാനത്തിലേറെ കുറവ് പോളിങ്ങാണ് പൊന്നാനിയിൽ രേഖപ്പെടുത്തിയത്. മലപ്പുറത്ത് മൂന്ന് ശതമാനത്തോളവും കുറവ് വന്നു. സമസ്തയിലെ ലീഗ് വിരുദ്ധരുടെ വോട്ടുകളിൽ ചെറിയ ശതമാനം ഇടത് സ്ഥാനാർത്ഥികൾക്ക് കിട്ടിയതായും വിലയിരുത്തപ്പെടുന്നുണ്ട്. ലീഗിന് കിട്ടേണ്ട വലിയ പങ്ക് വോട്ട്, സമസ്തയുമായുള്ള പോരിൻറെ പേരിൽ പോൾ ചെയ്യപ്പെട്ടിട്ടില്ലെന്നാണ് ഇടതു മുന്നണി പറയുന്നത്. മലപ്പുറത്തും സമാനസ്ഥിതിയുണ്ടായതാണ് പോളിങ്ങിൽ കുറവ് വരാൻ കാരണമെന്ന് ഇവർ ചൂണ്ടിക്കാട്ടുന്നു.എന്നാൽ സമസ്തയുമായുണ്ടായ പ്രശ്നങ്ങൾ തെരഞ്ഞെടുപ്പിൽ ഒരു തരത്തിലും ബാധിച്ചിട്ടില്ലെന്നാണ് മുസ്ലീം ലീഗിൻറെ അവകാശ വാദം. സിഎഎ വിഷയത്തിൽ ഇരു മുന്നണികളും നടത്തിയ പ്രചാരണങ്ങളൊന്നും ന്യൂനപക്ഷ വോട്ടർമാരിൽ വലിയ ആവേശമുണ്ടാക്കിയിട്ടില്ലെന്ന വിലയിരുത്തലുമുണ്ട്. വയനാട് മണ്ഡലത്തിൻറെ ഭാഗമായ ഏറനാട്, വണ്ടൂർ നിയമസഭാ മണ്ഡലങ്ങളിലും , കോഴിക്കോട് , കണ്ണൂർ മണ്ഡലത്തിലെ ന്യൂനപക്ഷ മേഖലകളിലുമെല്ലാം പോളിങ്ങിൽ വന്ന കുറവ് യുഡിഎഫിൻറെ നെഞ്ചിടിപ്പേറ്റുന്നുണ്ട്. ഇതിൽ വെൽഫെയർ പാർട്ടിയുടെയും എസ്ഡിപിഐയുടെയും വോട്ടുകൾ തങ്ങളുടെ പെട്ടിയിലേക്കാണെന്നതാണ് യുഡിഎഫിന് ആശ്വാസമാകുന്ന ഒരു ഘടകം.

# മെയ് ഒന്ന് മുതൽ വേണാട് എക്സ് പ്രസ് എറണാകുളം സൗത്തിൽ നിർത്തില്ല

കൊച്ചി: തിരുവനന്തപുരം – ഷൊർണ്ണൂർ വേണാട് എക്സ്പ്രസ് മെയ് ഒന്ന് മുതൽ എറണാകുളം സൗത്ത് സ്റ്റേഷനിൽ നിർത്തില്ലെന്ന് റെയിവേ അറിയിച്ചു. സ്റ്റേഷനിൽ നടക്കുന്ന അറ്റകുറ്റപ്പണി കാരണമാണ് താൽക്കാലികമായി സ്റ്റോപ്പ് ഒഴിവാക്കിയത്.

പുതുക്കിയ സമയമനുസരിച്ച് എറണാകുളം ടൗൺ സ്റ്റേഷനിൽ നിന്ന് രാവിലെ 9.55ന് പുറപ്പെടുന്ന ട്രെയിൻ 12.25ന് ഷൊർണൂർ ജംഗ്ഷനിൽ എത്തിച്ചേരും. നിലവിൽ ഷൊർണൂരിൽ എത്തുന്നത് 12.50നാണ്.വൈകീട്ട് 5.15നാണ് തിരിച്ച് എറണാകുളം ടൗൺ സ്റ്റേഷനിൽ എത്തിച്ചേരുക. രാത്രി പത്തിന് തിരുവനന്തപുരത്ത് എത്തും. എറണാകുളം സൗത്ത് ഒഴിവാക്കുന്നതോടെ 25 മിനിറ്റ് നേരത്തേ ട്രെയിൻ തിരുവനന്തപുരത്ത് എത്തും. ഇതിനനുസരിച്ച് മറ്റു സ്റ്റേഷനുകളിലും ട്രെയിൻ നേരത്തേയെത്തും.

# സി. പി. എം സംസ്ഥാന സെക്രട്ടറിയേറ്റ് യോഗം നാളെ; ലോക്സഭാ തെരഞ്ഞെടുപ്പ് പോളിങ് വിലയിരുത്തും

തിരുവനന്തപുരം: ലോക്സഭാ തെരഞ്ഞെടുപ്പ് പോളിങ് വിലയിരുത്താൻ സി.പി.എം സംസ്ഥാന സെക്രട്ടറിയേറ്റ് നാളെ യോഗം ചേരും. ഭരണവിരുദ്ധവികാരം തെരഞ്ഞെടുപ്പിലുണ്ടായിട്ടില്ലെന്നാണ് ഇടത് മുന്നണിയുടെ വിലയിരുത്തൽ. എട്ട് മുതൽ 12 വരെ സീറ്റുകൾ കിട്ടുമെന്നാണ് ഇടത് മുന്നണിയുടെ അവകാശവാദം.പോളിങ് ശതമാനം കുറഞ്ഞതു കൊണ്ട് യു.ഡി.എഫിന് അനുകൂലമായ തരംഗം കേരളത്തിൽ അലയടിച്ചിട്ടില്ലെന്നാണ് ഇടത് മുന്നണിയുടെ വിലയിരുത്തൽ. അതിന് കാരണമായി പറയുന്നത് പഴയ വോട്ട് ചരിത്രമാണ്, 2009ൽ 73.5 ശതമാനം പോളിങ് രേഖപ്പെടുത്തിയപ്പോൾ 16 സീറ്റും, 2019ൽ 77.84 ശതമാനം പോളിങ് നടന്നപ്പോൾ 19 സീറ്റും യു.ഡി.എഫിന് കിട്ടി. എന്നാൽ പോളിങ് ശതമാനം കുറഞ്ഞ് 71.20 ൽ എത്തിയപ്പോഴാണ് 19 സീറ്റ് എൽ.ഡി.എഫിന് കിട്ടിയത്. 71.05 ആണ് ഇത്തവണത്തെ പോളിങ് അതുകൊണ്ട് സർക്കാർ വിരുദ്ധ വികാരം തെരഞ്ഞെടുപ്പിൽ ആഞ്ഞടിച്ചിട്ടില്ലെന്നാണ് സി.പി.എം കണക്ക് കൂട്ടുന്നത്. കോൺഗ്രസിന് സ്വാധീനമുള്ള സ്ഥലങ്ങളിലും കാര്യമായ പോളിങ് നടക്കാത്തതും ഭരണവിരുദ്ധ വികാരം അലയടിച്ചിട്ടില്ല എന്നതിന്റെ സൂചനയാണെന്നാണ് നേതാക്കൾ പറയുന്നത്. എട്ട് മുതൽ 12 വരെ സീറ്റുകൾ പ്രതീക്ഷിക്കുന്നുവെന്നാണ് മുന്നണി നേതാക്കൾ പറയുന്നത്. എന്നാൽ ബൂത്ത് തലത്തിലെ കണക്ക് ക്രോഡീകരിച്ച് അത് വിലയിരുത്താതെയാണ് അവകാശവാദങ്ങൾ. 20 മണ്ഡലങ്ങളിൽ നിന്നുമുള്ള ബൂത്ത് തലത്തിലെ കണക്ക് സി.പി.എം സംസ്ഥാന സെക്രട്ടറിയേറ്റ് നാളെ ചർച്ച ചെയ്യും.

# ഹൈറിച്ച് തട്ടിപ്പ് കേസ്; പ്രതികളുടെ സ്വത്ത് ജപ്തി ചെയ്തത് സ്ഥിരപ്പെടുത്തി



തൃശൂർ: ഹൈറിച്ച് സാമ്പത്തിക തട്ടിപ്പ് കേസിലെ പ്രതികളുടെ സ്വത്ത് ജപ്തി ചെയ്ത നടപടി സ്ഥിരപ്പെടുത്തി. അഡീഷണൽ സെഷൻ കോടതിയാണ് ജില്ലാ കലക്ടറുടെ നടപടി അംഗീകരിച്ചത്. ഹൈറിച്ച് ഉടമകളുടെ ഇരുന്നൂറ് കോടി രൂപയുടെ സ്വത്തുക്കളാണ് സർക്കാർ ഏറ്റെടുക്കുക.

കേസിൽ ഹൈറിച്ച് കമ്പനിയുടെ സ്ഥാവരജംഗമ വസ്തുക്കളും ബാങ്ക് അക്കൗണ്ടുകളും താത്കാലികമായി മരവിപ്പിച്ചിരുന്നു. ഇത് സ്ഥിരപ്പെടുത്തണമെന്ന സർക്കാരിന്റെ അപേക്ഷയിലാണിപ്പോൾ കോടതി വിധി ഉണ്ടായിരിക്കുന്നത്. സ്വത്ത് സ്ഥിരപ്പെടുത്തണമെന്ന കലക്ടറുടെ വാദം കോടതി അംഗീകരിക്കുകയും സ്വത്ത് സർക്കാരിലേക്കെടുക്കാൻ കോടതി ഉത്തരവിടുകയുമായിരുന്നു.

കേസുമായി ബന്ധപ്പെട്ട വാദപ്രതിവാദങ്ങൾ ഏപ്രിൽ 25ന് തന്നെ പൂർത്തിയായിരുന്നു. കേസ് മണിചെയിൻ തട്ടിപ്പല്ലെന്നും സാമ്പത്തിക തട്ടിപ്പുകളുടെ വിഭാഗത്തിൽ ഉൾപ്പെടുത്താനാവില്ലെന്നുമായിരുന്നു ഹൈറിച്ചിന്റെ വാദം. എന്നാൽ കള്ളപ്പണ നിരോധന നിയമമടക്കമുപയോഗിച്ച് കേസെടുത്ത സാഹചര്യം പരിഗണിച്ചും സർക്കാരിന്റെ വാദങ്ങൾ അംഗീകരിച്ചുമാണ് കേസിൽ ഇപ്പോൾ കോടതി വിധിയുണ്ടായിരിക്കുന്നത്.

# ഇന്ത്യൻ ഹോമിയോപ്പതിക് മെഡിക്കൽ അസോസിയേഷൻ സമ്മേളനം തൃശൂരിൽ




കൊച്ചി: ഇന്ത്യൻ ഹോമിയോപ്പതിക് മെഡിക്കൽ അസോസിയേഷൻ കേരളാ ഘടകത്തിന്റെ 19–ാം സംസ്ഥാന സമ്മേളനവും നാഷണൽ സൈന്റിഫിക് സെമിനാറും ഏപ്രിൽ 28ന് കണ്ണൂരിൽ നടക്കും. തുറമുഖം, മ്യൂസിയം വകുപ്പ് മന്ത്രി കടന്നപ്പള്ളി രാമചന്ദ്രൻ സമ്മേളനം ഉദ്ഘാടനം ചെയ്യും. അന്തർദേശീയ ഫാക്കൽറ്റിമാരായ ഡോ. പരിണാസ് ഹുംറൻവാല, ഡോ. നന്ദിനി ഭട്ട് എന്നിവർ സയിന്റിഫിക് സെമിനാറിൽ പങ്കെടുക്കുമെന്ന് ഭാരവാഹികൾ അറിയിച്ചു.

ഐ.എച്ച്.എം.എ ഏർപ്പെടുത്തിയ സർക്കാർ, സ്വകാര്യ മേഖലകളിലെ ബെസ്റ്റ് ഡോക്ടർ അവാർഡ്, ബെസ്റ്റ് എമർജിങ് ഡോക്ടർ അവാർഡ്, മീഡിയ അവാർഡ് എന്നിവ സമ്മേളനത്തിൽ വിതരണം ചെയ്യും. ദൃശ്യമാധ്യമ മേഖലയിൽ മീഡിയവൺ ടി.വി സി.ഇ.ഒ റോഷൻ കക്കാട് ആണ് അവാർഡിന് അർഹനായത്. ലോക ഹോമിയോപ്പതി ദിനത്തിൽ ഹോമിയോപ്പതിയെ ജനഹൃദയങ്ങളിലെത്തിക്കാൻ നടത്തിയ പ്രവർത്തനങ്ങൾക്കാണ് അവാർഡ്. 10,001 രൂപയും മെമന്റോയും നൽകി അദ്ദേഹത്തെ ആദരിക്കും. അച്ചടി മാധ്യമ മേഖലയിൽ കേരള കൗമുദി പത്രത്തിന്റെ മലപ്പുറം ബ്യൂറോ മാനേജർ സുമോദ് കാരാട്ടുതൊടിയാണ് അവാർഡിന് അർഹനായത്.

## ഓട്ടോ ഡ്രൈവറെ വെട്ടിക്കൊന്നു; കൊല്ലപ്പെട്ടത് കൊലക്കേസ് പ്രതി, ഒരാൾ കസ്റ്റഡിയിൽ

കോഴിക്കോട്: കോഴിക്കോട് പണിക്കർ റോഡിൽ ഓട്ടോ ഡ്രൈവറെ വെട്ടിക്കൊന്നു. ഇന്ന് പുലർച്ചെയാണ് സംഭവം. ഗാന്ധിന?ഗർ സ്വദേശി ശ്രീകാന്ത് (47) ആണ് കൊല്ലപ്പെട്ടത്. സംഭവത്തിൽ ഒരാളെ പൊലീസ് കസ്റ്റഡിയിലെടുത്ത് ചോദ്യം ചെയ്തുവരികയാണ്. വെള്ളയിൽ പൊലീസ് കേസെടുത്തു അന്വേഷണം ആരംഭിച്ചു.

കൊല്ലപ്പെട്ട ശ്രീകാന്ത് കൊലക്കേസ് ഉൾപ്പെടെയുള്ള കേസുകളിൽ പ്രതി ചേർക്കപ്പെയാളാണെന്ന് പൊലീസ് പറഞ്ഞു. പുലർച്ചെ ഓട്ടോയിൽ ശ്രീകാന്തിനെ കൂടാതെ മറ്റ് രണ്ട് പേർ ഉണ്ടായിരുന്നു. ഇവർ മദ്യപിച്ചിരുന്നതായും അതിൽ ഒരാളാണ് കൊല നടത്തിയതെന്നാണ് പൊലീസ് നിഗമനം. ഓട്ടോയിൽ മദ്യപിച്ച് ഉറങ്ങിയ മറ്റൊരാളെയാണ് പൊലീസ് കസ്റ്റഡിയിലെടുത്തിരിക്കുന്നത്.

നേരത്തെ ശ്രീകാന്തിന്റെ കാറു കത്തിച്ചതുമായി ബന്ധപ്പെട്ട് തർക്കം നിലനിന്നിരുന്നു. ഇവരാണ് കൊലയ്ക്ക് പിന്നിലെന്നാണ് കുടുംബം ആരോപിക്കുന്നത്. ശ്രീകാന്തിന്റെ ഓട്ടോയുടെ സമീപം കത്തിയ കാറും പാർക്ക് ചെയ്തിട്ടുണ്ട്. കൂടെയുണ്ടായിരുന്ന ആളെ കുറിച്ചുള്ള വിവരങ്ങളാണ് ഇപ്പോൾ പൊലീസ് അന്വേഷിക്കുന്നത്.

# സംസ്ഥാനത്തെ രണ്ട് വി. സിമാരുടെ നിയമനം അസാധു ആയേക്കും



തിരുവനന്തപുരം: സംസ്ഥാനത്തെ രണ്ട് വൈസ് ചാൻസലർമാരുടെ നിയമനം അസാധു ആവാൻ സാധ്യത. സാങ്കേതിക സർവകലാശാല വി.സി സജി ഗോപിനാഥ്, വെറ്ററിനറി സർവകലാശാല വി.സി ഡോ. എം.ആർ ശശീന്ദ്രനാഥ് എന്നിവർക്കെതിരെയാണ് അച്ചടക്ക നടപടി മണക്കുന്നത്. നിയമനം സംബന്ധിച്ച് യുജിസിയുടെ വിശദീകരണം എതിരായതാണ് ഡിജിറ്റൽ യൂണിവേഴ്സിറ്റി വി.സി സജി ഗോപിനാഥിന് തിരിച്ചടിയാവുന്നത്.

കാരണം കാണിക്കൽ നോട്ടീസ് ലഭിച്ചതോടെ വെറ്ററിനറി സർവകലാശാല വി.സിയുടെ സ്ഥാനവും നഷ്ടമായേക്കും. യുജിസി നോമിനിയെ ഒഴിവാക്കി നിയമനം നൽകിയത് ചട്ടവിരുദ്ധമാണ് എന്ന് കാണിച്ച് ശശീന്ദ്രനാഥിന് ഗവർണർ കാരണം കാണിക്കൽ നോട്ടീസ് നൽകിയിരുന്നു. നിലവിൽ സിദ്ധാർഥന്റെ മരണവുമായി ബന്ധപ്പെട്ട് സസ്പെൻഷനിൽ ഉള്ള വി.സി എന്തുതന്നെ വിശദീകരണം നൽകിയാലും അത് അച്ചടക്ക നടപടിയിലേക്ക് നീങ്ങാനാണ് സാധ്യത. കാരണം സമാനമായി നിയമനം ലഭിച്ച ഫിഷറീസ് വൈസ് ചാൻസലറെ ഇതേ കാരണം ചൂണ്ടിക്കാട്ടിയാണ് കോടതി പുറത്താക്കിയത്. ഓപ്പൺ– ഡിജിറ്റൽ സർവകലാശാല വി.സിമാരുടെ കാര്യത്തിൽ യുജിസിയുടെ ഭാഗം കൂടി കേട്ട ശേഷം നടപടിയെടുക്കാം എന്നായിരുന്നു ഗവർണറുടെ നിലപാട്.

ആദ്യ വി.സിമാരെ സർക്കാർ ശുപാർശ പ്രകാരം സേർച്ച് കമ്മിറ്റി കൂടാതെ നിയമിക്കാമെങ്കിലും അംഗീകാരം ലഭിച്ചശേഷം ചട്ടമനുസരിച്ച് നിയമനം നടത്തണം എന്നതാണ് വിഷയത്തിൽ യുജിസിയുടെ മറുപടി. ഇതോടെ ഡിജിറ്റൽ വി.സി സജി ഗോപിനാഥിന്റെ നില പരുങ്ങലിലായി. ഏതുസമയം വേണമെങ്കിലും അദ്ദേഹത്തെ പുറത്താക്കികൊണ്ടുള്ള തീരുമാനം ഉണ്ടായേക്കാം.

കെ.ടി.യു വിസിയുടെ അധിക ചുമതല കൂടിയുള്ളതിനാൽ അച്ചടക്ക നടപടി ഉണ്ടായാൽ അവിടെയും പുതിയ ഒരാളെ കണ്ടെത്തേണ്ടിവരും. ഓപ്പൺ സർവകലാശാല വൈസ് ചാൻസലർ മുബാറക് പാഷ നേരത്തെ തന്നെ രാജി നൽകിയതിനാൽ നടപടി അദ്ദേഹത്തിന് ബാധകമാവില്ല.

# പുതുക്കിയ ഡ്രൈവിങ് ടെസ്റ്റ് രീതി മെയ് ഒന്ന് മുതൽ; സജ്ജമാവാതെ ഗ്രൗണ്ടുകൾ

തിരുവനന്തപുരം: ഡ്രൈവിങ് ടെസ്റ്റ് പരിഷ്കരണം മെയ് ഒന്നുമുതൽ തന്നെ നടപ്പാക്കാൻ ഗതാഗത വകുപ്പ്. പുതിയ രീതിയിൽ ടെസ്റ്റ് നടത്തുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കാതെയാണ് തീരുമാനം. തിരക്കിട്ട നീക്കത്തിനെതിരെ സമരപരിപാടികൾ ആസൂത്രണം ചെയ്യാൻ തിങ്കളാഴ്ച സിഐടിയു യോഗം വിളിച്ചു.

ഡ്രൈവിങ് കാര്യക്ഷമമാക്കാനായി കൊണ്ടുവന്ന പുതിയ ഡ്രൈവിങ് ടെസ്റ്റ് രീതിയുമായി മുന്നോട്ടുപോവുമെന്നാണ് ഗതാഗതമന്ത്രി കെ.ബി ഗണേഷ്കുമാർ അറിയിച്ചത്. 86 ഇടത്ത് ഇതിനായി ഗ്രൗണ്ടുകൾ സജ്ജമാക്കണം. എന്നാൽ മാവേലിക്കരയിൽ മാത്രമാണ് പരിഷ്കരിച്ച രീതിയിൽ ഡ്രൈവിങ് ടെസ്റ്റ് നടത്താൻ ഗ്രൗണ്ട് സജ്ജമായത്.

മന്ത്രിയുടെ നിർദേശപ്രകാരം 77 ഇടത്ത് മോട്ടോർ വാഹന വകുപ്പ് ഉദ്യോഗസ്ഥർ പരിശോധന നടത്തിയെങ്കിലും ഫണ്ട് അനുവദിക്കാത്തതിൽ ഗ്രൗണ്ട് തയാറാക്കാനായില്ല. അതിനാൽ പുതിയ രീതിയിൽ എങ്ങനെ ടെസ്റ്റ് നടത്താനാവുമെന്ന ആശയക്കുഴപ്പത്തിലാണ് എംവിഡി. ആംഗുലാർ പാർക്കിങ്, പാരലൽ പാർക്കിങ്, സിഗ് സാഗ് ഡ്രൈവിങ്, കയറ്റത്ത് നിർത്തി പുറകോട്ട് എടുക്കുന്നതും ഉൾപ്പെട്ടതാണ് കാറിന്റെ ലൈസൻസ് എടുക്കാനുള്ള പുതിയ രീതി. ഇതിനുള്ള സജ്ജീകരണങ്ങളെല്ലാം ഗ്രൗണ്ടിൽ വേണം.

സിഐടിയുവിന് കീഴിലെ ഓൾ കേരള ഡ്രൈവിങ് സ്കൂൾ വർക്കേഴ്സ് യൂണിയൻ പ്രത്യക്ഷ സമരത്തിനിറങ്ങിയെങ്കിലും തെരഞ്ഞെടുപ്പ് കഴിയുംവരെ കാത്തിരിക്കാൻ യൂണിയൻ നേതൃത്വം അറിയിക്കുകയായിരുന്നു. ഡ്രൈവിങ് പരിഷ്കരണം മരവിപ്പിക്കാൻ മന്ത്രി തയാറാവാത്ത സാഹചര്യത്തിലാണ് തിങ്കളാഴ്ച തിരുവനന്തപുരത്ത് അടിയന്തര യോഗം വിളിച്ചത്.

ഡ്രൈവിങ് ടെസ്റ്റുകളുടെ എണ്ണം കൂട്ടണമെന്ന ആവശ്യവും സംഘടന മുന്നോട്ടുവയ്ക്കുന്നുണ്ട്. അതേസമയം ഒരു ദിവസം 60ന് മുകളിൽ ഡ്രൈവിങ് ടെസ്റ്റ് നടത്തിയ എംവിഐമാരുടെ പട്ടിക മോട്ടോർ വാഹന വകുപ്പ് തയാറാക്കി മന്ത്രിക്ക് കൈമാറി. ഇവരിൽ നിന്ന് വിശദീകരണം തേടി നടപടിയെടുത്തേക്കും.

# വയനാട്ടിൽ വീണ്ടും കടുവ; പുൽപ്പള്ളിയിൽ രണ്ട് പശുക്കിടാങ്ങളെ കൊന്നു

വയനാട്: വയനാട് പുൽപ്പള്ളി കൊളവള്ളിയിൽ കടുവയിറങ്ങി. ജനവാസമേഖലയിലെത്തിയ കടുവ കളപ്പുരയ്ക്കൽ ജോസഫ് എന്നയാളുടെ രണ്ട് പശുക്കിടാങ്ങളെ കൊന്നു.

ഇന്ന് ഉച്ചയ്ക്ക് 12.30ഓടെയാണ് പ്രദേശത്ത് കടുവയെ കണ്ടത്. തുടർന്ന് പശുക്കിടാങ്ങളെ മേയാൻ വിട്ട സ്ഥലത്ത് വെച്ച് കടുവ കൊന്നു. ആദ്യം പിടികൂടിയ പശുക്കിടാവിനെ വലിച്ചിഴച്ച് പുഴയ്ക്കക്കരെ എത്തിച്ചെങ്കിലും ജോസഫ് ബഹളംവെച്ചതോടെ പശുക്കിടാവിനെ ഉപേക്ഷിച്ചുപോയ കടുവ, സമീപത്തുണ്ടായിരുന്ന മറ്റൊരു പശുക്കിടാവിനെ ആക്രമിക്കുകയായിരുന്നു.

പശുക്കളെ പട്ടാപ്പകൽ കടുവ കൊന്നതോടെ ഭീതിയിലാണ് ജനങ്ങൾ. ഒരു മാസം മുമ്പ് സമീപ പ്രദേശമായ കബനിഗിരിയിൽ വീടിനോട് ചേർന്ന തൊഴുത്തിൽ കെട്ടിയിരുന്ന പശുവിനെ കടുവ കൊന്നിരുന്നു. തൊട്ടടുത്ത സീതാമൗണ്ടിലെ കൃഷിയിടത്തിലും നാട്ടുകാർ കടുവയെ കണ്ടു. കഴിഞ്ഞ ജനുവരിയിൽ കൊളവള്ളിയിൽ തന്നെ കബനി നദിക്കരയിൽ മേയാൻ വിട്ട ആടിനെയും കടുവ ആക്രമിച്ചിരുന്നു.

പ്രദേശത്ത് നിരീക്ഷണത്തിനായി മൂന്ന് ക്യാമറകൾ സ്ഥാപിക്കുമെന്നാണ് ഡെപ്യൂട്ടി റെയ്ഞ്ച് ഓഫീസർ പി.ആർ. ഷാജി അറിയിക്കുന്നത്. കടുവയെ പിടികൂടാൻ എത്രയും വേഗം നടപടി വേണമെന്നാണ് നാട്ടുകാരുടെ ആവശ്യം.

## അതിഥി തൊഴിലാളിയെ കുത്തിക്കൊന്ന യുവാവ് അറസ്റ്റിൽ

ആലപ്പുഴ: ആലപ്പുഴയിലെ ഹരിപ്പാട് അതിഥി തൊഴിലാളി കുത്തേറ്റ് മരിച്ച സംഭവത്തിൽ മലയാളി അറസ്റ്റിൽ. ഹരിപ്പാട് സ്വദേശി യദുകൃഷ്ണനെയാണ് പൊലീസ് സാഹസികമായി പിടികൂടിയത്.

ബംഗാൾ സ്വദേശിയും മത്സ്യക്കച്ചവടക്കാരനുമായ ഓംപ്രകാശ് ആണ് ഇന്നലെ കൊല്ലപ്പെട്ടത്. ഗൂഗിൾ പേ വഴി പണം നൽകാതിരുന്നതാണ് കൊലപാതകത്തിന് കാരണമെന്ന് പൊലീസ് പറഞ്ഞു. മദ്യപിക്കുന്നതിനായി ഗൂഗിൾപേ വഴി പണം അയക്കാമെന്നും പകരം കാഷ് നൽകാനും യദുകൃഷ്ണ ബംഗാൾ സ്വദേശിയോട് ആവശ്യപ്പെട്ടു. വിസമ്മതിച്ചപ്പോൾ കത്തിയെടുത്ത് നെഞ്ചിൽ കുത്തുകയായിരുന്നു.

ഉടൻ തന്നെ ആശുപത്രിയിൽ പ്രവേശിപ്പിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല. നിരവധി ക്രിമനൽ കേസുകളിൽ പ്രതിയാണ് യദുകൃഷ്ണനെന്ന് പൊലീസ് സൂചിപ്പിച്ചു.

## ഗുരുവായൂർ ക്ഷേത്രത്തിൽ ശീതീകരണ സംവിധാനം സ്ഥാപിച്ചു



തൃശൂർ: കടുത്ത ചൂടിൽ തൊഴാൻ എത്തുന്ന ഭക്തർക്ക് ആശ്വാസം പകർന്ന് ഗുരുവായൂർ ക്ഷേത്രത്തിൽ ശീതീകരണ സംവിധാനം സ്ഥാപിച്ചു. നാലമ്പലത്തിനുള്ളിലാണ് ശീതീകരണ സംവിധാനം യാഥാർഥ്യമാക്കിയത്. പഴനി ക്ഷേത്ര മാതൃകയിൽ എയർ കൂളർ സംവിധാനമാണ് ഉപയോഗിച്ചത്. ദേവസ്വം ചെയർമാൻ ഡോ.വി കെ വിജയൻ നാലമ്പലത്തിൽ സ്ഥാപിച്ച ശീതീകരണ സംവിധാനത്തിന്റെ സമർപ്പണം നിർവ്വഹിച്ചു.

ഇന്നലെ ഉച്ചപൂജയ്ക്ക് ശേഷമായിരുന്നു സമർപ്പണം. കെപിഎം പ്രോസസിങ് മിൽ എംഡി ശേഖറാണ് വഴിപാടായി ഇത് സമർപ്പിച്ചത്. ഇനി ചുറ്റമ്പലം, കൗണ്ടിങ്ങ്ഹാൾ എന്നിവിടങ്ങളിലും ശീതീകരണ സംവിധാനമൊരുക്കും. സമർപ്പണ ചടങ്ങിൽ ദേവസ്വം ഭരണസമിതി അംഗങ്ങൾ അടക്കം പങ്കെടുത്തു.




കോഴിക്കോട് ആകാശ് ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്ന് ജെ.ഇ.ഇ മെയിൻ പരീക്ഷയിൽ മികച്ച വിജയം നേടിയവരെ അനുമോദിക്കുന്ന ചടങ്ങിൽ വിദ്യാർഥികൾ കേക്ക് മുറിച്ച് ആഹ്ലാദം പങ്കുവെക്കുന്നു

# ഉന്നത വിജയം നേടിയവരെ അനുമോദിച്ചു

കോഴിക്കോട്: ജോയിന്റ് എൻട്രൻസ് എക്സാമിനേഷൻ (ജെ.ഇ.ഇ) മെയിൻ പരീക്ഷയിൽ ആകാശ് എജ്യുക്കേഷണൽ സർവീസസ് ലിമിറ്റഡിലൂടെ (എഇഎസ്എൽ) പരിശീലനം നേടി മികച്ച വിജയം നേടിയ വിദ്യാർഥികളെ അനുമോദിച്ചു. കോഴിക്കോട്ട് മൂന്ന് ആകാശ് വിദ്യാർഥികളാണ് 99 ശതമാനത്തിൽ കൂടുതൽ മാർക്ക് നേടിയത്.

മാധവ് മനു 99.92 ശതമാനം നേടി അഖിലേന്ത്യാ തലത്തിൽ 1415ാം റാങ്ക് നേടി. തേജസ് ശ്യാം (99.74), ദേവാനന്ദ് (99.61) എന്നിവരും 99 ശതമാനത്തിന് മുകളിൽ സ്കോർ നേടി. വൈക്കം മുഹമ്മദ് ബഷീർ റോഡിലെ ആകാശ് ഇൻസിറ്റിറ്റിയൂട്ടിൽ നടന്ന ചടങ്ങിൽ റീജ്യനൽ സെയിൽസ് ആന്റ് ഗ്രോത്ത് ഹെഡ് പ്രേംചന്ദ് റോയ് വിദ്യാർഥികൾക്ക് ഉപഹാരം നൽകി. വിദ്യാർഥികൾക്ക് സമഗ്രമായ പരിശീലനവും നൂതനമായ പഠനവും നൽകാനുള്ള ആകാശ് ഇൻസ്റ്റിറ്റ്റിയൂട്ടിന്റെ പ്രതിബദ്ധതയുടെയും നിശ്ചയദാർഢ്യത്തിന്റെയും തെളിവാണ് അവരുടെ ശ്രദ്ധേയമായ പ്രകടനമെന്ന് അദ്ദേഹം പറഞ്ഞു.

ഹൈസ്കൂൾ, ഹയർസെക്കൻഡറി സ്കൂൾ വിദ്യാർഥികൾക്ക് അനുയോജ്യമായ വിവിധ കോഴ്സ് ഫോർമാറ്റുകളിലൂടെ സമഗ്രമായ ഐ.ഐ.ടിജെ.ഇ.ഇ പരിശീലനമാണ് ആകാശ് വാഗ്ദാനം ചെയ്യുന്നത്. അടുത്തിടെ, കമ്പ്യൂട്ടർ അധിഷ്ഠിത പരിശീലനം വികസിപ്പിക്കുന്നതിൽ ആകാശ് ശ്രദ്ധ കേന്ദ്രീകരിച്ചു. നൂതനമായ ഐ ട്യൂട്ടർ പ്ലാറ്റ്ഫോം റെക്കോർഡ് ചെയ്ത വീഡിയോ പ്രഭാഷണങ്ങൾ വിദ്യാർഥികളെ വേഗതയുള്ള പഠനത്തിൽ ഏർപ്പെടാനും നഷ്ടമായ സെഷനുകൾ കണ്ടെത്താനും പ്രാപ്തമാക്കുന്നു. പരീക്ഷയെ ഫലപ്രദമായി നേരിടാൻ ആവശ്യമായ പരിചയവും ആത്മവിശ്വാസവും നൽകി വിദ്യാർഥികളെ സജ്ജമാക്കുന്നു. കാതലായ ആശയങ്ങളിൽ പ്രാവീണ്യം നേടുന്നതിലും അച്ചടക്കത്തോടെയുള്ള പഠനക്രമം മുറുകെപ്പിടിക്കുന്നതിലും അക്ഷീണമായ അർപ്പണബോധത്തിന്റെ തെളിവാണ് വിദ്യാർഥികളുടെ ഈ നേട്ടമെന്ന് ആകാശ് അധികൃതർ വ്യക്തമാക്കി. ചടങ്ങിൽ ഏരിയാ സെയിൽസ് ഹെഡ് കെ. ഷംസീർ, ബ്രാഞ്ച് ഹെഡ് വിനായക് മോഹൻ, സീനിയർ അസിസ്റ്റന്റ് ഡയറക്ടർ മുർഷിദ് അബ്ദുറഹിമാൻ, അക്കാദമിക് ഹെഡ് (എൻജിനീയറിങ്) അബ്രഹാം സി. ഫിലിപ്പ് എന്നിവരും പങ്കെടുത്തു.

## ഇന്നത്തെ ചിന്താവിഷയം

### തന്മയീഭാവം പ്രദർശിപ്പിക്കുക

>>>>>>>>>>>>>>>>>>>>>>>

ഏവരുടേയും ശരീരവും മനസ്സും രൂപപ്പെടുന്നത് അവർ കഴിക്കുന്ന ഭക്ഷണത്തിൽ നിന്നാണ്. അതുകൊണ്ടു തന്നെ ആഹാരം പോഷകാഹാരമായിരിക്കണം, അത് മനസ്സിന്റെ ശരീരത്തിന്റെ മികവിൽ സ്വാധീനിക്കപ്പെടുന്നു. നല്ല ഭക്ഷണം കഴിച്ച മനസ്സ് നല്ല ചിന്തകളേ ഉണർത്തുന്നു. നല്ല ചിന്തകളിൽ നിന്നും കർമ്മങ്ങൾ ജനിക്കുന്നു. കർമ്മങ്ങൾ നല്ലതെങ്കിൽ ഒരുവന്റെ ഭാവിയും നല്ലതായിരിക്കും.

അതായത് ഏതൊരുവന്റെയും പ്രവൃത്തികളത്രെ ഭാവി നിയന്ത്രണം. ഭാവിയെ നിയന്ത്രിക്കാനാകുമ്പോൾ വ്യക്തിത്വശ്രേഷ്ഠത മികവു പുലർത്തുന്നത് കാണാം. വ്യക്തിത്വമുള്ളിടത്ത് മനോഭാവം തിളങ്ങും. ഈ ഭാവം തന്മയീഭാവമായിരിക്കണം. തന്മയീഭാവത്തിൽ ഒട്ടും തന്നെ സ്വാർത്ഥത കാണില്ല. ഒരുവന്റെ മനോഭാവമത്രെ അവന്റെ സ്വഭാവഭദ്രത. സ്വഭാവം നല്ലതെങ്കിൽ അവന്റെ പ്രവൃത്തികൾ മറ്റുള്ളവർക്കു മാത്രമല്ല സമൂഹത്തിനു മുഴുവൻ ഗുണപ്രദമായി ഭവിക്കും.

അതായത് നമ്മുടെ മനോഭാവം നമ്മളെ സൃഷ്ടിക്കുന്നു. നമ്മടെ മനസ്സിനെ ചിട്ടപ്പെടുത്തുവാൻ ആരോഗ്യമുള്ള ശരീരം വേണം. ആരോഗ്യമുള്ള ശരീരത്തിലേ പ്രൗഢമായ മനസ്സിരിപ്പൂ . പ്രൗഢമായ മനസ്സിനു മാത്രമേ ഗുണപരമായ ചിന്തകളെ ജനിപ്പിക്കാനാവൂ. ഗുണമേന്മയുള്ള ചിന്തകൾ പ്രവൃത്തിയെ മികവുറ്റതാക്കുന്നു. പ്രവൃത്തി മികവുറ്റതാകുമ്പോൾ അതിന്റെ ലക്ഷ്യവും ലക്ഷ്യപ്രാപ്തിയും കൈവരിക്കാനാകുന്നു. ലക്ഷ്യപ്രാപ്തി ജീവിതത്തെ മനോഹരമാക്കണമെങ്കിൽ ധന്യമാക്കണമെങ്കിൽ വിശ്വാസങ്ങളിൽ ഈശ്വരചൈതന്യം വേണം. ഈശ്വരവിശ്വാസമുള്ളിടത്ത് സർവ്വ ഐശ്വര്യങ്ങളും വന്നു ചേരും. നമ്മുടെ ആത്മധൈര്യത്തെ ഉയർത്തും. ആത്മധൈര്യം വിശ്വാസ പ്രമാണങ്ങൾക്ക് മുതൽക്കൂട്ടാകുകയും പരാജയഭീതികളേ മാറ്റിനിർത്തകയും ചെയ്യുന്നു. തെറ്റായ മാർഗ്ഗങ്ങളെ തിരഞ്ഞെടുക്കാതെ ശരിയിലൂടെ പടവുകൾ കയറുന്നുവെങ്കിൽ അവൻ ലക്ഷ്യപ്രാപ്തിയിൽ എത്തും. അതിന് രണ്ടഭിപ്രായമില്ല. നമ്മൾ നമ്മളെ സൃഷ്ടിക്കുമ്പോൾ മനസ്സിൽ സൂക്ഷിക്കേണ്ട നന്മകളെ വിസ്മരിക്കരുത്. സത്യവും നീതിയും പുലർത്തുന്ന മനോഭാവം നമ്മളുടെ വ്യക്തിത്വത്തിന്റെ ശ്രേഷ്ഠതയ്ക്ക് ഉത്തമമായി ഭവിയ്ക്കും. അത് തന്മയീഭാവത്തിന്റെ പൂർണ്ണതയായിരിക്കും.

ജീവിതം ചുരുങ്ങിയ കാലഘട്ടങ്ങളെ ഉള്ളുവെന്നും ജീവനോ ഏതു സമയത്തു വേണമെങ്കിലും നഷ്ടപ്പെടാമെന്നുള്ള ബോധം എപ്പോഴും ഉണ്ടായിരിക്കണം. അത്തരം ബോധത്തിൽ നിന്നും സ്നേഹവും വാത്സല്യവും കരുണയും ദയയും സഹനവും പ്രകടമായി നിൽക്കും. അവരുടെ കർമ്മങ്ങൾ കുടുംബത്തിനു മാത്രമല്ല സമൂഹത്തിനാകെ ഗുണപ്രദമായി ഭവിക്കുന്നു. ഏവർക്കും സുപ്രഭാതവും സുദിനവും ആയുരാരോഗ്യവും നേർന്നു കൊണ്ട് നന്ദി നമസ്ക്കാരം.

**കെ.വിജയൻ നായർ**
**ഉല്ലാസ് നഗർ (മുംബൈ)**

## കവിത

### എത്ര തപസ്സു വേണം?

>>>>>>>>>>>>>>>>>>>>>>

തനിയെ വറ്റി വരണ്ട ധരണിയിൽ
താഴ്ന്നിറങ്ങുന്ന കൈകോട്ടിനാൽ
തിമിരം മറച്ചിടും മിഴി തേടിയതിൽ
തണ്ണീർക്കണമുണ്ടോ ദാഹമകറ്റാൻ?

തൊട്ടുനക്കാനിറ്റു ജലമില്ലയിച്ചൂടിൽ
തൊണ്ട വരണ്ടു ദാഹവുമേറെ, കല്ലു
തകർത്തു പാറമേട്ടിലും, കനിവറ്റത്
തുണ്ടംതുണ്ടം പൊട്ടിച്ചു വാണിജ്യവും.

തുടിപ്പില്ല ഭൂമിതൻ മരവിപ്പിന്നാരാണ്
തുരങ്കം തീർത്തവർ, പച്ചപ്പിലെല്ലാം
തുഷിരമിട്ടവർ, നദിപുഴസമുദ്രത്തിൻ
താളം തെറ്റിച്ചവരിന്നത്തെ മാനവരോ?

തെയ്യംകെട്ടിയലറി ദേവകോപത്തിൻ
തിട്ടാരമേറ്റുവാങ്ങിയോർ ചൂഷണമത്
തിന്മയെ വാഴ്ത്തുവോർ വിസ്മരിച്ചു
തന്മയീഭാവമാം ഭൂമിതൻ മനോഹരത.

തീഷ്ണമാണ് വസുന്ധരതൻ പ്രതീകം
തുറയുറഞ്ഞുതുള്ളും പ്രതികാരതയും
താളം തെറ്റിക്കും മനുഷ്യജീവനമിവിടെ
താദാത്മരാകാനെത്ര തപസ്സു വേണം?

രചന: –
കെ. വിജയൻ നായർ
ഉല്ലാസ് നഗർ



കെ. വിജയൻ നായർ

# കർണാടകയിലെ ഒരു ബൂത്തിൽ ഏപ്രിൽ 29ന് വീണ്ടും വോട്ടെടുപ്പ്

ബെംഗളൂരു: കർണാടകയിലെ ചാമരാജനഗർ ലോക്സഭാ മണ്ഡലത്തിലുള്ള ഹനൂരിലെ ഒരു പോളിങ് കേന്ദ്രത്തിൽ ഏപ്രിൽ 29ന് വീണ്ടും വോട്ടെടുപ്പ് നടത്തുമെന്ന് തെരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു. ഏപ്രിൽ 26ന് ബൂത്തിൽ നടന്ന വോട്ടെടുപ്പ് അസാധുവാക്കാൻ കർണാടക മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർക്ക് തെരഞ്ഞെടുപ്പ് കമ്മീഷൻ കത്തയച്ചു. കമ്മിഷന്റെ നിർദ്ദേശങ്ങൾക്കനുസരിച്ച് രാവിലെ ഏഴു മുതൽ വൈകിട്ട് ആറു വരെയാണ് പോളിങ്.

തെരഞ്ഞെടുപ്പിൽ വോട്ട് ചെയ്യണോ വേണ്ടയോ എന്നതിനെ ചൊല്ലി ചാമരാജനഗര ജില്ലയിലെ ഇൻഡിഗനാഥ ഗ്രാമത്തിലെ രണ്ട് സംഘങ്ങൾ തമ്മിൽ വെള്ളിയാഴ്ച സംഘർഷമുണ്ടായിരുന്നു. സംഘർഷത്തിനിടെ സംഘം ഇലക്ട്രോണിക് വോട്ടിങ് മെഷീനുകൾ നശിപ്പിച്ചതിനെ തുടർന്നാണ് നടപടി.

മതിയായ അടിസ്ഥാന സൗകര്യ വികസനമില്ലെന്ന് ചൂണ്ടിക്കാട്ടി ഗ്രാമവാസികൾ തെരഞ്ഞെടുപ്പ് ബഹിഷ്കരിക്കാൻ നേരത്തെ തീരുമാനിച്ചിരുന്നതായി ജില്ലാ ഭരണകൂടം അറിയിച്ചു. പ്രാദേശിക ഉദ്യോഗസ്ഥരുടെ ഉറപ്പിനും ശ്രമങ്ങൾക്കും ശേഷമാണ് വോട്ടെടുപ്പ് നടന്നത്. പ്രാഥമിക വിവരമനുസരിച്ച് ഒരു സംഘം വോട്ടുചെയ്യാനും മറ്റൊന്ന് ബഹിഷ്കരിക്കാനും തീരുമാനിച്ചു. ഇത് അവർ തമ്മിൽ സംഘർഷത്തിലേക്ക് നയിച്ചു. ഈ സമയം അവർ ഇ.വി.എമ്മുകൾ നശിപ്പിക്കുകയും കല്ലെറിയുകയും ചെയ്തെന്ന് ഉദ്യോഗസ്ഥർ പറഞ്ഞു.

## 'ബിജെപിക്ക് വോട്ട് ചെയ്തില്ലെങ്കിൽ ബുൾഡോസറുകൾ കൊണ്ട് വീട് പൊളിക്കും'

# വോട്ടർമാരെ ഭീഷണിപ്പെടുത്തി അസം വനംവകുപ്പ് ഉദ്യോഗസ്ഥർ

ദിസ്പൂർ: അസമിൽ ബിജെപക്ക് വോട്ട് ചെയ്തില്ലെങ്കിൽ വീട് തകർക്കുമെന്ന് വോട്ടർമാരെ വനംവകുപ്പ് ഉദ്യോഗസ്ഥ സംഘം ഭീഷണിപ്പെടുത്തിയതായി പരാതി. അസമിലെ കരിംഗഞ്ച് ലോക്സഭാ മണ്ഡലത്തിലെ വോട്ടർമാരെയാണ് സ്പെഷ്യൽ ചീഫ് സെക്രട്ടറിയും വനംവകുപ്പ് മേധാവിയുമടങ്ങുന്ന സംഘം ഭീഷണിപ്പെടുത്തിയത്. ബിജെപി സ്ഥാനാർഥി കൃപാനാഥ് മല്ലയ്ക്ക് വോട്ട് ചെയ്യണമെന്നും ഇല്ലെങ്കിൽ ബുൾഡോസറുകളെ നേരിടാൻ തയാറാവാനുമായിരുന്നു വനംവകുപ്പ് ഉദ്യോഗസ്ഥരുടെ ഭീഷണി.

സംഭവത്തിൽ നടപടിയാവശ്യപ്പെട്ട് വോട്ടർമാർ കോടതിയെ സമീപിച്ചു. പരാതിക്കാർക്കായി അഡ്വ. അബ്ദുൽ കാഷിം തലുക്ദാറും അഡ്വ. മൊംതാസ് ബീഗവുമാണ് കോടതിയിൽ ഹരജി സമർപ്പിച്ചത്. വനംവകുപ്പ് മേധാവി എം.കെ യാദവ്, സിൽചാർ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് രാജീവ് കുമാർ ദാസ്, ഡിഎഫ്ഒമാരായ അഖിൽ ദത്ത, വിജയ് ടിംബാക് പാൽവെ, ചെരാഗി ഡെപ്യൂട്ടി റേഞ്ചർമാരായ മനോജ് സിൻഹ, ഫോറസ്റ്റർ അജിത് പോൾ, ബീറ്റ് ഓഫീസർ ഫായിസ് അഹമ്മദ്, ഫോറസ്റ്റ് ഗാർഡ് തപഷ് ദാസ് ഉൾപ്പെടെയുള്ളവർക്കെതിരെയാണ് പരാതി.

വെള്ളിയാഴ്ചയായിരുന്നു കരിംഗഞ്ച് മണ്ഡലത്തിലെ വോട്ടെടുപ്പ്. 69 ശതമാനം മുസ്‌ലിം വോട്ടർമാരുള്ള മണ്ഡലമാണിത്. 24 സ്ഥാനാർഥികൾ മണ്ഡലത്തിലുണ്ടെങ്കിലും സിറ്റിങ് എം.പിയും കോൺ?ഗ്രസ് നേതാവുമായ ഹാഫിസ് റാഷിദ് അഹമ്മദ് ചൗധരിയും ബിജെപിയുടെ മല്ലയും തമ്മിലാണ് പ്രധാന പോരാട്ടം.

കരിംഗഞ്ചിലെ വിവിധ ഗ്രാമങ്ങളിൽ നിന്നുമുള്ള ജനങ്ങൾ പ്രാദേശിക കോടതിയിൽ പരാതിയുമായി എത്തിയതോടെയാണ് സംഭവം പുറത്തറിയുന്നത്. ഒൻപത് വനം വകുപ്പ് ഉദ്യോഗസ്ഥരും 45 ഓളം മറ്റ് വ്യക്തികളും തങ്ങളെ അസഭ്യം പറയുകയും ബിജെപക്ക് വോട്ട് ചെയ്യാൻ നിർബന്ധിച്ചുവെന്നുമായിരുന്നു പരാതി. അസം പൊലീസ് കമാൻഡോ, വനംവകുപ്പ് ഉദ്യോഗസ്ഥർ, സായുധ വനംവകുപ്പ് ഗാർഡുകൾ എന്നിവരുൾപ്പെടെയുള്ള സംഘം തെരഞ്ഞെടുപ്പിന് ദിവസങ്ങൾക്ക് മുൻപ് തങ്ങളുടെ വീട്ടിലെത്തിയെന്നും മണിക്കൂറുകളോളം റെയ്ഡ് നടത്തുകയും ശേഷം തങ്ങളുടെ ചിത്രങ്ങൾ പകർത്തി മടങ്ങുകയായിരുന്നുവെന്നും പരാതിയിൽ പറയുന്നു.ഏപ്രിൽ 24നായിരുന്നു പരാതി സമർപ്പിച്ചത്. ബിജെപിക്ക് വോട്ട് ചെയ്തില്ലെങ്കിൽ ജൂൺ ഏഴിന് ശേഷം ബുൾഡോസർ ഉപയോ?ഗിച്ച് വീടുകളിൽ നിന്ന് പുറത്താക്കുമെന്ന് പറഞ്ഞതായും പരാതിയിലുണ്ട്. അഭയാർഥികൾ, അഭയാർഥിയായ മുസ്‌ലിംകളുടെ മക്കൾ തുടങ്ങി അപകീർത്തികരമായ പ്രയോഗങ്ങളാണ് ഉദ്യോഗസ്ഥർ തങ്ങൾക്കെതിരെ നടത്തിയതെന്ന് പരാതിക്കാർ പറഞ്ഞു. ബിജെപിക്ക് വോട്ട് ചെയ്താൽ പ്രദേശത്ത് സമാധാനത്തോടെ താമസിക്കാനാവുമെന്നും അല്ലാത്തപക്ഷം പ്രത്യാഘാതങ്ങൾ നേരിടേണ്ടി വരുമെന്നും സംഘം ഭീഷണിപ്പെടുത്തിയതായും പരാതിയിൽ ആരോപിക്കുന്നു.

നേരത്തെ, ബി.ജെ.പിക്ക് വോട്ട് ചെയ്തിട്ടില്ലെങ്കിൽ ബുൾഡോസർ നടപടി നേരിടേണ്ടിവരുമെന്ന് ഭീഷണിയുമായി അസം എം.എൽ.എയും രംഗത്തെത്തിയിരുന്നു. ബി.ജെ.പി നേതാവും രതബാരി എം.എൽ.എയുമായ വിജയ് മല്ലകാർ ആണ് തെരഞ്ഞെടുപ്പ് കാംപയിനിനിടെ വോട്ടർമാക്കു മുന്നറിയിപ്പ് നൽകിയത്. തങ്ങൾക്ക് വോട്ട് ചെയ്തിട്ടില്ലെങ്കിൽ ജൂൺ നാലിനു ഫലം പുറത്തുവന്ന ശേഷം നിങ്ങളുടെ വീടിന്റെ മുറ്റത്ത് ജെ.സി.ബി എത്തുമെന്നായിരുന്നു ഭീഷണി.

## മോദിയുടെ വിദ്വേഷ പ്രസ്താവനയെ വിമർശിച്ചതിന് ബി. ജെ. പി പുറത്താക്കിയ ന്യൂനപക്ഷ മോർച്ച നേതാവ് അറസ്റ്റിൽ

ജയ്പൂർ: ബി.ജെ.പി പുറത്താക്കിയ ന്യൂനപക്ഷ മോർച്ച നേതാവ് ഉസ്മാൻ ഗനി രാജസ്ഥാനിൽ അറസ്റ്റിൽ. സമാധാന ഭംഗമുണ്ടാക്കി എന്നാരോപിച്ചാണ് ഗനിയെ അറസ്റ്റ് ചെയ്തത്. മോദിയുടെ മുസ്‌ലിം വിരുദ്ധ വിദ്വേഷ പ്രസ്താവനയെ വിമർശിച്ച ഗനിയെ ബുധനാഴ്ചയാണ് ബി.ജെ.പി പുറത്താക്കിയത്. ഗനി പാർട്ടിയുടെ പ്രതിച്ഛായക്ക് കളങ്കമുണ്ടാക്കിയെന്ന് ബി.ജെ.പി നേതാവ് ഓങ്കർ സിങ് പറഞ്ഞു. പാർട്ടി അച്ചടക്കം ലംഘിച്ചെന്ന് ചൂണ്ടിക്കാട്ടിയാണ് ഗനിയെ ആറു വർഷത്തേക്ക് ബി.ജെ.പിയുടെ പ്രാഥമിക അംഗത്വത്തിൽനിന്ന് പുറത്താക്കിയത്.



മോദി രാജസ്ഥാനിൽ നടത്തിയ വിദ്വേഷ പ്രസ്താവന ഒരു മുസ്‌ലിമെന്ന നിലയിൽ തനിക്ക് വലിയ നിരാശയുണ്ടാക്കിയെന്ന് ഉസ്മാൻ ഗനി പറഞ്ഞിരുന്നു. മോദിയുടെ പരാമർശം മൂലം രാജസ്ഥാനിൽ ബി.ജെ.പിക്ക് തിരിച്ചടിയുണ്ടാകും. ബി.ജെ.പിക്ക് വോട്ട് ചെയ്യാനാവശ്യപ്പെട്ട് മുസ്‌ലിം വോട്ടർമാരെ കാണുമ്പോൾ പ്രധാനമന്ത്രിയുടെ പ്രസ്താവനയെക്കുറിച്ച് അവർ ചോദ്യം ചെയ്യുകയാണെന്നും അവരോട് പറയാൻ തനിക്ക് മറുപടിയില്ലെന്നും ഉസ്മാൻ ഗനി പറഞ്ഞു.

രാജസ്ഥാനിൽ ബി.ജെ.പിയുടെ തെരഞ്ഞെടുപ്പ് റാലിയിലാണ് മോദി മുസ്‌ലിം വിരുദ്ധ വിദ്വേഷ പ്രസ്താവന നടത്തിയത്. രാജ്യത്തിന്റെ സമ്പത്തിൽ മുസ്‌ലിംകൾക്കാണ് പ്രഥമ അവകാശമെന്ന് മുൻ പ്രധാനമന്ത്രി മൻമോഹൻ സിങ് പറഞ്ഞുവെന്നായിരുന്നു മോദിയുടെ പരാമർശം. 2006 ഡിസംബർ ഒമ്പതിന് നാഷണൽ ഡെവലപ്മെന്റ് കൗൺസിൽ യോഗത്തിൽ മൻമോഹൻ സിങ് നടത്തിയ പ്രസംഗത്തെ വളച്ചൊടിച്ചായിരുന്നു മോദിയുടെ വിദ്വേഷ പരാമർശം. കോൺഗ്രസ് അധികാരത്തിലെത്തിയാൽ രാജ്യത്തെ പൗരൻമാരുടെ സമ്പത്ത് നുഴഞ്ഞുകയറ്റക്കാർക്കും കൂടുതൽ മക്കളുള്ളവർക്കും നൽകുമെന്നും മോദി പറഞ്ഞിരുന്നു.

# കറുത്തവർഗക്കാരനെ മർദിച്ച് കൊന്ന് പൊലീസ്

## 'എനിക്ക് ശ്വസിക്കാനാവുന്നില്ല'; അമേരിക്കയിൽ വീണ്ടും ജോർജ് ഫ്ളോയ്ഡ്മോഡൽ കൊല

ഓഹിയോ: 'അവരെന്നെ കൊല്ലാൻ നോക്കി... എനിക്ക് ശ്വാസം വിടാൻ പോലും സാധിച്ചില്ല'- അമേരിക്കയിൽ വീണ്ടും പൊലീസിന്റെ ക്രൂരതയ്ക്കിരയായി കൊല്ലപ്പെട്ട കറുത്ത വർ?ഗക്കാരന്റെ അവസാന വാക്കുകളാണ്. തല താഴേക്ക് കുത്തിപ്പിടിച്ച് മർദിക്കുകയും ശ്വാസം വിടാൻ പോലും സാധിക്കാതിരിക്കുകയും ചെയ്തതിനെ തുടർന്ന് 53കാരനായ ഫ്രാങ്ക് ടൈസണാണ് മരിച്ചത്. ഓഹിയോയിലെ കാന്റണിൽ ഏപ്രിൽ 18നാണ് സംഭവം.

ക്രൂരത പൊലീസ് തന്നെയാണ് ക്യാമറയിൽ പകർത്തി പുറത്തുവിട്ടത്. ഇത് പുറത്തുവന്നത് മുതൽ വ്യാപക വിമർശനമാണ് പൊലീസുകാർക്കെതിരെ ഉയർന്നത്. 2020ലെ ജോർജ് ഫ്ലോയിഡിന്റെ കൊലപാതകമാണ് ഓർമ വന്നതെന്ന് നിരവധി പേർ ചൂണ്ടിക്കാട്ടി.കാന്റൺ പൊലീസ് ഡിപ്പാർട്ട്മെന്റാണ് ഫ്രാങ്ക് ടൈസന്റെ മരണത്തിന് മുമ്പുള്ള വീഡിയോ പുറത്തുവിട്ടത്. ഒരു കാർ അപകടവുമായി ബന്ധപ്പെട്ടാണ് ഫ്രാങ്ക് ടൈസണെ തേടി ഉദ്യോഗസ്ഥർ എത്തിയത്. ഒരു ബാറിനുള്ളിൽ നിൽക്കുകയായിരുന്ന ഇദ്ദേഹത്തെ പിടികൂടുകയും കുനിച്ചുനിർത്തിയടക്കം മർദിക്കുകയുമായിരുന്നു.

അറസ്റ്റിനെ എതിർത്ത ടൈസനെ ഉദ്യോഗസ്ഥർ തറയിലേക്ക് വലിച്ചിട്ട് മർദിച്ചു. 'എനിക്ക് ശ്വസിക്കാൻ കഴിയുന്നില്ല' എന്ന് പലതവണ പറഞ്ഞിട്ടും ടൈസനെ ഒരു ഉദ്യോഗസ്ഥൻ കഴുത്തിൽ അമർത്തിപ്പിടിക്കുകയും മറ്റൊരാൾ കൈയിൽ വിലങ്ങണിയിക്കാൻ ശ്രമിക്കുകയും ചെയ്യുന്നത് വീഡിയോയിൽ കാണാം. മർദന ശേഷം കുഴപ്പമില്ലല്ലോ എന്ന് പൊലീസ് ഇദ്ദേഹത്തോട് ചോദിക്കുകയും എഴുന്നേൽക്കാൻ പറയുന്നതും കേൾക്കാം.

കുറച്ച് സമയത്തിനു ശേഷം, അദ്ദേഹം പ്രതികരിക്കുന്നില്ലെന്ന് മനസിലാക്കിയ ഉദ്യോഗസ്ഥർ സിപിആർ നൽകി. പാരാമെഡിക്കൽ ജീവനക്കാർ സ്ഥലത്തെത്തി ടൈസണെ ആശുപത്രിയിലേക്ക് കൊണ്ടുപോയി. എന്നാൽ പിന്നീട് മരിച്ചു.

സംഭവത്തിൽ ഓഹിയോ ബ്യൂറോ ഓഫ് ക്രിമിനൽ ഇൻവെസ്റ്റിഗേഷൻ അന്വേഷണം ആരംഭിച്ചു. അന്വേഷണത്തിന്റെ ഭാഗമായി രണ്ട് ഉദ്യോഗസ്ഥരെ മേലുദ്യോ?ഗസ്ഥർ നിർബന്ധിത അവധിയിൽ പ്രവേശിപ്പിച്ചു. ബ്യൂ ഷോനെഗെ, കാംഡൻ ബർച്ച് എന്നിവരാണ് കുറ്റക്കാരായ ഉദ്യോഗസ്ഥർ. അന്വേഷണവുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾ ഇനിയും വെളിപ്പെടുത്താൻ ഉദ്യോഗസ്ഥർ തയാറായിട്ടില്ല.2020 മെയ് 25നാണ് യുഎസിലെ മിനസോട്ടയിലെ മിനിയാപോളിസ് നഗരത്തിൽ, വെള്ളക്കാരനായ പൊലീസ് ഉദ്യോഗസ്ഥൻ ജോർജ് ഫ്ലോയിഡെന്ന കറുത്ത വർഗക്കാരനെ റോഡിൽ കിടത്തി കഴുത്തിൽ കാലമർത്തി ശ്വാസംമുട്ടിച്ച് കൊലപ്പെടുത്തിയത്. ഫ്ലോയ്ഡിന്റെ കഴുത്തിൽ മുട്ടുകുത്തി എട്ട് മിനുട്ടും 46 സെക്കൻറും ഡെറെക് ഷോവിൻ എന്ന പൊലീസ് ഓഫീസർ ഞെരുക്കിയിരുന്നുവെന്നും ശ്വസിക്കാൻ കഴിയാതെയാണ് അദ്ദേഹം മരിച്ചതെന്നും പോസ്റ്റ്മോർട്ടം റിപ്പോർട്ട് വ്യക്തമാക്കിയിരുന്നു.

ഇദ്ദേഹത്തിന്റെ മുഖം റോഡിൽ ചേർന്നു കിടക്കുകയായിരുന്നു. ആഗോള രോഷത്തിനും പ്രതിഷേധത്തിനും ഇടയാക്കിയ ഈ സംഭവത്തിനു ശേഷവും യു.എസ് പൊലീസ് ഇതേ രീതിയിലുള്ള ആക്രമണങ്ങൾ ആവർത്തിച്ചിരുന്നു. അതേ വർഷം തന്നെ ഒരു ഇന്ത്യക്കാരനും 2022ൽ മറ്റൊരു യുവാവിനേയും സമാന രീതിയിൽ പൊലീസ് മർദിച്ചിരുന്നു.

## അമേരിക്കയിലെ ഫലസ്തീൻ അനുകൂല പ്രതിഷേധം: സാമ്പത്തിക പിന്തുണ നൽകുന്നത് ജൂത കോടീശ്വരനെന്ന് റിപ്പോർട്ട്






ന്യൂയോർക്ക്: അമേരിക്കയിലെ കാമ്പസുകളിൽ പടർന്നുപന്തലിച്ച ഫലസ്തീൻ അനുകൂല വിദ്യാർഥി പ്രതിഷേധങ്ങൾക്ക് സഹായം നൽകുന്നത് ജൂത കോടീശ്വരൻ ജോർജ് സോറോസാണെന്ന് റിപ്പോർട്ട്. യഹൂദ ഇടതുപക്ഷ ചായ്‌വുള്ള ജീവകാരുണ്യ പ്രവർത്തകനായ സോറോസും അദ്ദേഹം ധനസഹായം നൽകുന്ന സംഘടനകളുമാണ് ഫലസ്തീൻ അനുകൂല പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടുന്നതെന്ന് ദെ ന്യൂയോർക്ക് പോസ്റ്റിന്റെ റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു. കഴിഞ്ഞയാഴ്ച കൊളംബിയ സർവകലാശാലയിലാണ് പ്രതിഷേധങ്ങൾ ആരംഭിച്ചത്. നിലവിൽ എട്ടിലധികം സംസ്ഥാനങ്ങളിലെ സർവകലാശാലകളിലേക്ക് പ്രതിഷേധം പടർന്നിരിക്കുന്നു.

കൊളംബിയ, ഹാർവാർഡ്, യേൽ, കാലിഫോർണിയയിലെ ബെർക്ക്‌ലി, ഒഹായോ സ്റ്റേറ്റ് യൂണിവേഴ്സിറ്റി, ജോർജിയയിലെ എമോറി എന്നിവയുൾപ്പെടെ നിരവധി കാമ്പസുകളിൽ 'ലിബറേറ്റഡ് സോണുകൾ' എന്ന് പേരിട്ട ക്യാമ്പ് സൈറ്റുകൾ ഒരുക്കിയാണ് പ്രതിഷേധം. ജോർജ് സോറോസ് ധനസഹായം നൽകുന്ന സ്റ്റുഡന്റ്സ് ഫോർ ജസ്റ്റിസ് ഇൻ ഫലസ്തീന്റെ (എസ്ജെപി) ഘടകങ്ങളാണ് ഇവയെല്ലാം സംഘടിപ്പിച്ചതെന്ന് ദ ന്യൂയോർക്ക് പോസ്റ്റ് റിപ്പോർട്ട് ചെയ്യുന്നു. ലാഭേച്ഛയില്ലാതെ പ്രവർത്തിക്കുന്ന സംഘടനകളുടെ ശൃംഖലയാണ് എസ്ജെ.പിക്ക് ധനസഹായം നൽകിയത്. ഇത് സോറോസിന്റെ പിന്തുണയോടെയായിരുന്നു.

മൂന്ന് സർവകലാശാലകളിൽ 'യു.എസ് കാമ്പെയ്ൻ ഫോർ ഫലസ്തീനിയൻ റൈറ്റ്സ് (യു.എസ്.സി.പി.ആർ) എന്ന ജോർജ് സോറോസിന്റെ ധനസഹായമുള്ള സംഘടനയുടെ ?പ്രവർത്തകരാണ് ?പ്രകടനങ്ങൾ നടത്തുന്നത്. പ്രതിഷേധം നടത്തുന്നവർക്ക് പണം ലഭിക്കുന്നതായും റിപ്പോർട്ട് ആരോപിക്കുന്നു

മൂന്ന് പേരാണ് അമേരിക്കയിലെ കാമ്പസുകളിലെ പ്രതിഷേധത്തിന് പ്രധാനമായും നേതൃത്വം നൽകുന്നത്. നിദാ ലാഫിയാണ് ഇതിൽ ഒരാൾ. യൂണിവേഴ്സിറ്റി ഓഫ് ടെക്സസ് സ്റ്റുഡന്റ്സ് ഫോർ ജസ്റ്റിസ് ഇൻ ഫലസ്തീനിന്റെ പ്രസിഡന്റാണ് ഇവർ. ഗസ്സയിലെ യുദ്ധം അവസാനിപ്പിക്കണമെന്നാവശ്യപ്പെട്ട് ഇവർ ഡള്ളാസിലെ പ്രതിഷേധക്കാരെ നയിക്കുന്നു. പ്രസിഡന്റ് ബൈഡന്റെ വാഹനവ്യൂഹം തടഞ്ഞതിന് ലാഫിയെ നേരത്തേ കസ്റ്റഡിയിലെടുത്തിരുന്നു.

യേലിലെ യു.എസ്.സി.പി.ആർ അംഗം ക്രെയ്ഗ് ബിർക്ക്ഹെഡ് മോർട്ടനാണ് മറ്റൊരു നേതാവ്. യാലീസ് ഫോർ ഫലസ്തീൻ എന്ന ഗ്രൂപ്പിന്റെ നേതാവായ ഇദ്ദേഹത്തിന്റെ നേതൃത്വത്തിലാണ് കാമ്പസിൽ പ്രതിഷേധം അരങ്ങേറുന്നത്. ഇയാളെ പൊലീസ് കസ്റ്റഡിയിലെടുത്തിട്ടുണ്ട്.

ബെർക്ക്‌ലി ലോ സ്റ്റുഡന്റ്സ് ഫോർ ജസ്റ്റിസ് ഇൻ ഫലസ്തീന്റെ കോ-പ്രസിഡന്റായ മലക് അഫാനെ കാമ്പസിൽ നടന്ന നിരവധി ഇസ്രായേൽ വിരുദ്ധ പ്രതിഷേധങ്ങളെയാണ് അഭിസംബോധന ചെയ്തത്. സോറോസുമായി ബന്ധമുള്ള ഗ്രൂപ്പുകളാണ് മൂവർക്കും പണം നൽകിയതെന്ന് ന്യൂയോർക്ക് പോസ്റ്റിന്റെ റിപ്പോർട്ടിൽ പറയുന്നു.

2017 മുതൽ സോറോസിന്റെ ഓപ്പൺ സൊസൈറ്റി ഫൗണ്ടേഷനുകളിൽ നിന്ന് സ്റ്റുഡന്റ്സ് ഫോർ ജസ്റ്റിസ് ഇൻ ഫലസ്തീന് കുറഞ്ഞത് 30,000 ഡോളർ സഹായം ലഭിച്ചിട്ടുണ്ടെന്ന് ഡെയ്‌ലി മെയിൽ റിപ്പോർട്ട് ?ചെയ്യുന്നു. കൂടാതെ 2019 മുതൽ റോക്ക്ഫെല്ലർ ബ്രദേഴ്സ് ഫണ്ടിൽ നിന്ന് 35,000 ഡോളറും ലഭിച്ചു.

അതേസമയം, വിദ്യാർഥി പ്രതിഷേധങ്ങൾക്ക് ജോർജ് സോറോസ് ധനസഹായം നൽകുന്നുവെന്ന വാർത്ത തികച്ചും തെറ്റാണെന്ന് ദെ വാഷിങ്ടൺ ടൈംസി?ന്റെ ലേഖനത്തിൽ ചൂണ്ടിക്കാട്ടുന്നു. സോറോസിന്റെ ഓപ്പൺ സൊസൈറ്റി ഫൗണ്ടേഷൻ വിദ്യാർഥി പ്രതിഷേധങ്ങക്ക് ഫണ്ട് നൽകുന്നുവെന്ന വാദം വളരെ ദുർബലമാണ്.

ഈ ആരോപണങ്ങൾ നിഷേധിച്ച് വിദ്യാർഥികളും രംഗത്തുവന്നു. അമേരിക്കയുടെ ധനസഹായത്തോടെയും സൈനിക - രാഷ്ട്രീയ പിന്തുണയോടെയും നടക്കുന്ന വംശഹത്യയുടെ ഇടയിലാണ് നമ്മൾ നിൽക്കുന്നത്. ഇതിനിടയിൽ തങ്ങളുടെ സമരത്തിന് പിന്നിലെ ഫണ്ടിങ്ങുമായി ബന്ധപ്പെട്ട അടിസ്ഥാനരഹിത ആരോപണങ്ങൾക്ക് മറുപടി പറയാനില്ലെന്ന് സ്റ്റുഡന്റ് ഫോർ ജസ്റ്റിസ് ഇൻ ഫലസ്തീൻ പ്രവർത്തകർ ദെ വാഷിങ്ടൺ പോസ്റ്റിനോട് പറഞ്ഞു.

അതേസമയം, അമേരിക്കൻ കാമ്പസുകളിൽ ഫലസ്തീൻ അനുകൂല പ്രതിഷേധ സമരങ്ങൾ തുടരുകയാണ്. പൊലീസ് സമരത്തെ വലിയ രീതിയിൽ അടിച്ചമർത്തുന്നുണ്ട്. ഇതുവരെ 700ലധികം പേരെയാണ് അറസ്റ്റ് ചെയ്തത്.

# ഗസ്സയിൽ ഹമാസിന്റെ സാന്നിധ്യം ഒക്ടോബർ ഏഴിന് മുമ്പുള്ള അതേ നിലയിൽ തുടരുന്നുവെന്ന് റിപ്പോർട്ട്

ഗസ്സയിൽ ഹമാസിന്റെ സാന്നിധ്യം ഒക്ടോബർ ഏഴിന് മുമ്പുള്ള അതേ നിലയിൽ തുടരുകയാണെന്ന് ഇസ്രായേലി മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നു. ഒക്ടോബർ ഏഴിന് മുമ്പത്തെ അവസ്ഥയിലേക്ക് ഗസ്സയിലെ കാര്യങ്ങൾ വന്നെത്തിയിട്ടുണ്ട്. ഹമാസിനെ ഇല്ലാതാക്കുമെന്ന ഇസ്രായേൽ അവകാശവാദങ്ങൾ യാഥാർഥ്യമായില്ലെന്നും റിപ്പോർട്ടുകൾ ചൂണ്ടിക്കാട്ടുന്നു.

കഴിഞ്ഞയാഴ്ചയും ഗസ്സയിൽ നിന്ന് ഇസ്രായേലിന് നേരേ റോക്കറ്റാക്രമണം ഉണ്ടായി. ഇത് പ്രതിരോധ ശക്തികളുടെ സാന്നിധ്യം ഒക്ടോബർ ഏഴിന് മുമ്പത്തേത് പോലെയാണെന്നതിന് തെളിവാണെന്ന് ഇസ്രായേലിലെ ചാനൽ 13 റിപ്പോർട്ട് ചെയ്യുന്നു.

കഴിഞ്ഞ ആഴ്ചയിലുടനീളം ഇസ്രായേലിന് നേരേ റോക്കറ്റുകൾ വിക്ഷേപിച്ചു. നിർ ആം, അഷ്കെലോൺ, സ്ഡെറോട്ട്, ക്ഫാർ സിൽവർ, സികിം, മെഫാൽസിം എന്നിവിടങ്ങളിലെല്ലാം നിരന്തരം അപായ സൈറണുകൾ മുഴങ്ങി.

ഹമാസിനെയും അതിന്റെ ശേഷിപ്പുകളെയും ഇല്ലാതാക്കുന്നത് വരെ യുദ്ധം തുടരുമെന്നാണ് ഇസ്രായേലി പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹുവിന്റെയും സുരക്ഷ മന്ത്രി യോവ് ഗാലന്റിന്റെയും പ്രതിജ്ഞ. ഗസ്സക്കാരെ പൂർണമായും നീക്കിയ വടക്കൻ ഗസ്സയിൽ നിന്നാണ് റോക്കറ്റുകൾ വിക്ഷേപിച്ചത്. വടക്കൻ ഗസ്സ ഇസ്രായേലി സൈന്യത്തിന്റെ അധീനതയിലാണെന്നാണ് ഉന്നത ഉദ്യോഗസ്ഥർ പറയുന്നത്. എന്നാൽ, ജനങ്ങൾ വടക്കൻ ഗസ്സയിലേക്ക് തിരിച്ചെത്തിയെന്നും ഹമാസിന്റെ സാന്നിധ്യം ഇവിടെ ഉണ്ടെന്നുമുള്ള വസ്തുതയാണ് റോക്കറ്റ് ആക്രമണം ചൂണ്ടിക്കാട്ടുന്നത്.

റോക്കറ്റുകൾ വിക്ഷേപിക്കുക മാത്രമല്ല, യുദ്ധമുന്നണിയിലുള്ള ഇസ്രായേലി സൈനികരെ ഹമാസ് ലക്ഷ്യമിടുകയും ചെയ്യുന്നു. കഴിഞ്ഞ ദിവസം ഇസ്രായേലി സൈനികനെ ഹമാസിന്റെ പോരാളി കൊലപ്പെടുത്തിയെന്നും ചാനൽ 13 റിപ്പോർട്ട് വ്യക്തമാക്കുന്നു.യുദ്ധം ആരംഭിച്ച് 204 ദിവസം പിന്നിട്ടിട്ടും ഇസ്രായേലിന് ബന്ദികളെ മോചിപ്പിക്കാനോ ഹമാസിനെ ഇല്ലാതാക്കാനോ സാധിച്ചിട്ടില്ല. ഇത് ഇസ്രായേലിന്റെ പരാജയമായിട്ടാണ് ഇസ്രായേലി മാധ്യമങ്ങൾ വിലയിരുത്തുന്നത്.

അതേസമയം, കഴിഞ്ഞ 24 മണിക്കൂറിനിടെ 32 ഫലസ്തീനികളാണ് ഇസ്രായേലിന്റെ ആക്രമണത്തിൽ കൊല്ലപ്പെട്ടത്. 69 പേർക്ക് പരിക്കേറ്റു. ഇതുവരെ ആകെ കൊല്ലപ്പെട്ടത് 34,388 പേരാണ്. 77,437 പേർക്ക് പരിക്കേൽക്കുകയും ചെയ്തു.

സെൻട്രൽ ഗാസയിലെ നുസെറാത്ത് ക്യാമ്പിൽ ശനിയാഴ്ച പുലർച്ചെ സ്ത്രീകളും കുട്ടികളുമടക്കം എട്ട് ഫലസ്തീനികൾ കൊല്ലപ്പെടുകയും ഡസൻ കണക്കിന് പേർക്ക് പരിക്കേൽക്കുകയും ചെയ്തു. സെൻട്രൽ ഗാസയിലെ അൽ-മുഗ്രഖ മേഖലയിലും ഇസ്രായേൽ പ്രതിരോധ സേന കനത്ത ബോംബാക്രമണം നടത്തി. റാഫയിലെ വീടിനെ ലക്ഷ്യമിട്ട് ഇസ്രായേൽ നടത്തിയ ബോംബാക്രമണത്തിൽ ആറ് ഫലസ്തീനികൾ കൊല്ലപ്പെട്ടു.

# 'മോദി വന്നതോടെ റോഡുകൾ വികസിച്ചു'; കുഴികൾ നിറഞ്ഞ വീഡിയോ പോസ്റ്റ് ചെയ്ത് പുലിവാല് പിടിച്ച് അസം മുഖ്യമന്ത്രി

അസം: ഏപ്രിൽ 25ന് അസം മുഖ്യമന്ത്രി ഹിമന്ത ബിശ്വ ശർമ്മ തന്റെ എക്സ് ഹാൻഡിൽ 27 സെക്കൻഡ് ദൈർഘ്യമുള്ള ഒരു വീഡിയോ പങ്കുവെച്ചിരുന്നു. 'മോദി സർക്കാരിന് മുമ്പും ശേഷവും അസമിലെ റോഡുകൾ' എന്നാണ് ഹിമന്ത ബിശ്വ ശർമ്മ വീഡിയോക്ക് അടിക്കുറിപ്പ് നൽകിയത്. വൈറലായ ക്ലിപ്പ് ആദ്യ നിമിഷങ്ങളിൽ കുഴികൾ നിറഞ്ഞ റോഡിലൂടെ കാറുകൾ ഓടുന്നതായാണ് കാണിക്കുന്നത്. വീഡിയോയുടെ ഈ ഭാഗത്തിന്റെ അടിക്കുറിപ്പ് 'അസം റോഡുകൾ അന്ന്' എന്നാണ്. വീഡിയോ ക്ലിപ്പിന്റെ മറ്റൊരു ഭാഗം 'ഇപ്പോൾ അസം റോഡുകൾ' എന്ന അടിക്കുറിപ്പോടെ പുതിയ റോഡുകളും ഹൈവേകളും പാലങ്ങളും കാണിക്കുന്നു.


പോസ്റ്റിന് മറുപടിയായി വീഡിയോയിൽ കാണിച്ചിരിക്കുന്ന റോഡ് ബി.ജെ.പി ഭരണത്തിന് മുമ്പുള്ളതല്ലെന്ന് ചില ഉപയോക്താക്കൾ അവകാശപ്പെട്ടു. ഈ സംശയങ്ങളെ തുടർന്ന് വീഡിയോയുടെ ആദ്യ ഭാഗത്തിൽ കണ്ട കാറുകളുടെ രജിസ്ട്രേഷൻ തീയതി അന്വേഷിച്ചപ്പോൾ ചില ഭാഗങ്ങളിൽ മാറ്റം വരുത്തിയതായി കണ്ടെത്തി. വീഡിയോയിൽ കാണുന്ന കാറുകളുടെ രജിസ്ട്രേഷൻ തീയതി 2018 ഓഗസ്റ്റ് 2, ഫെബ്രുവരി 14, 2020 ഡിസംബർ 1 എന്നിങ്ങനെയാണ്. വീഡിയോയുടെ അഞ്ചാമത്തെ സെക്കൻഡിൽ ഒരു ഹ്യുണ്ടായ് ഗ്രാൻഡ് ഐ-ടെൻ നിയോസ് കാർ വ്യക്തമായി കാണാം. 2019 ലാണ് ഈ മോഡൽ ആദ്യമായി ഇന്ത്യൻ വിപണിയിൽ അവതരിപ്പിച്ചത്.

2016 മുതൽ ബി.ജെ.പയാണ് അസം ഭരിക്കുന്നത്. അതിനാൽ വൈറലായ വീഡിയോയിലെ മോശം റോഡിന്റെ അവസ്ഥ ബി.ജെ.പിക്ക് മുമ്പുള്ള കാലഘട്ടത്തിലല്ല, മറിച്ച് അസമിലെ ബി.ജെ.പ ഭരണകാലത്തേതാണെന്ന് വ്യക്തം. തെരഞ്ഞെടുപ്പ് കാലത്ത് ബി.ജെ.പി സർക്കാരിന്റെ വികസന നേട്ടങ്ങൾ ഉയർത്തിക്കാട്ടാൻ പോസ്റ്റ് ചെയ്ത വീഡിയോ ഇപ്പോൾ ട്രോളുകൾക്ക് വിധേയമായിരിക്കുകയാണ്.

# 'സനാതന ധർമ്മത്തെ തള്ളിപ്പറയുന്നവരെ ഇൻഡ്യാ സഖ്യം ആദരിക്കുന്നു': പ്രധാനമന്ത്രി

ന്യൂഡൽഹി: ഇൻഡ്യാ സഖ്യത്തെ പരിഹസിച്ച് പ്രധാനമന്ത്രി നരേന്ദ്രമോദി. ഒരു വർഷം ഒരു പ്രധാനമന്ത്രി എന്നതാണ് ഇൻഡ്യാ സഖ്യത്തിന്റെ ഫോർമുല എന്നും സനാതന ധർമ്മത്തെ തള്ളിപ്പറയുന്നവരെ ആദരിക്കുകയാണ് ഇൻഡ്യാ സഖ്യമെന്നും മോദി പറഞ്ഞു. മഹാരാഷ്ട്രയിലെ കോലാപൂരിൽ നടന്ന മഹാറാലിയിലായിരുന്നു മോദിയുടെ പരാമർശം.

'ഇൻഡ്യാ സഖ്യത്തിൽ നിന്ന് സർക്കാരുണ്ടാവുകയാണെങ്കിൽ അവരാദ്യം ചെയ്യുക പൗരത്വ നിയമഭേദഗതി റദ്ദാക്കുകയായിരിക്കും. പക്ഷേ ലോക്സഭയിൽ മൂന്നക്കം പോലും കടക്കാൻ കഴിയാത്ത അവരെങ്ങനെ സർക്കാർ ഉണ്ടാക്കും? ഒരു വർഷം ഒരു പ്രധാനമന്ത്രി എന്നതാണ് അവരുടെ ഫോർമുല.



അവരെങ്ങാനും 5 വർഷം ഭരിച്ചാൽ അഞ്ച് പ്രധാനമന്ത്രിമാരാകും ഉണ്ടാവുക. വേറൊരു രാഷ്ട്രമുണ്ടാക്കുമെന്നാണ് കർണാടകയിലും തമിഴ്നാട്ടിലുമൊക്കെ അവർ പ്രസംഗിക്കുന്നത്. ഛത്രപതി ശിവജി മഹാരാജിന്റെ നാടിന് ഇതംഗീകരിക്കാനാവുമോ?

സനാതന ധർമ്മത്തെ തള്ളിപ്പറയുന്നവരാണ് ഡിഎംകെ പാർട്ടി. കോൺഗ്രസിന് വളരെ പ്രിയപ്പെട്ടവരാണവർ. സനാതന ധർമ്മം ഡെങ്കിപ്പനിയും മലേറിയയുമൊക്കെയാണെന്നാണവർ പറയുന്നത്. ഇൻഡ്യാ സഖ്യം മഹാരാഷ്ട്രയിലേക്ക് ക്ഷണിച്ച് അവരെ ആദരിച്ചു.

അതാണ് ഇൻഡ്യാ സഖ്യം. വെറുപ്പിന്റെ രാഷ്ട്രീയവും ദേശവിരുദ്ധതയുമാണ് കോൺഗ്രസിന്റെയും ഇൻഡ്യാ സഖ്യത്തിന്റെയും നേട്ടങ്ങൾ'. മോദി പറഞ്ഞു.

## മോദിയെ മൂന്നാം തവണയും പ്രധാനമന്ത്രിയാക്കിയാൽ ഭീകരവാദവും നക്സലിസവും അവസാനിപ്പിക്കും: അമിത് ഷാ

പോർബന്ദർ: പ്രധാനമന്ത്രി നരേന്ദ്ര മോദി മൂന്നാം തവണയും അധികാരത്തിലെത്തിയാൽ ഭീകരവാദവും നക്സലിസവും അവസാനിപ്പിക്കുമെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ. ബി.ജെ.പി സ്ഥാനാർഥി മൻസൂഖ് മാണ്ഡവ്യക്ക് വേണ്ടി ഗുജറാത്തിലെ പോർബന്ദറിൽ നടന്ന തെരഞ്ഞെടുപ്പ് പ്രചാരണ റാലിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

'ആർട്ടിക്കിൾ 370 റദ്ദാക്കിയപ്പോൾ കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി അതിനെ എതിർത്തു. ഇത് കശ്മീരിൽ രക്തപ്പുഴ ഒഴുകാൻ കാരണമാകുമെന്ന് പറഞ്ഞു. എന്നാൽ, കഴിഞ്ഞ



അഞ്ച് വർഷത്തിനിടെ അവിടെ ഒരു കല്ലെറിയാൻ പോലും ആരും ധൈര്യപ്പെട്ടില്ല. രാജ്യത്ത് ഭീകരവാദവും നക്സലിസവും അവസാനിപ്പിക്കാൻ പ്രധാനമന്ത്രി നരേന്ദ്ര മോദി പ്രവർത്തിച്ചു. മൻമോഹൻ സിങ് പ്രധാനമന്ത്രിയായിരുന്നപ്പോൾ പാകിസ്ഥാനിൽ നിന്ന് ആർക്കും ഇന്ത്യയിലേക്ക് കടന്ന് ബോംബ് സ്ഫോടനം നടത്താമായിരുന്നു' -അമിത് ഷാ പറഞ്ഞു.'പുൽവാമയിലും ഉറിയിലും ഭീകരാക്രമണം നടന്നപ്പോൾ മോദിയായിരുന്നു പ്രധാനമന്ത്രിയെന്ന് അവർ മറന്നു. പത്ത് ദിവസത്തിനുള്ളിൽ പാകിസ്ഥാൻ മണ്ണിലെ ഭീകരരെ തുരത്താൻ മോദി സർജിക്കൽ സ്ട്രൈക്ക് നടത്തി. രാജ്യത്തെ സുരക്ഷിതമാക്കാനും സമൃദ്ധമാക്കാനും മോദി പ്രവർത്തിച്ചു.പത്ത് വർഷത്തെ കോൺഗ്രസ് ഭരണത്തിനു ശേഷം രാജ്യത്തിന്റെ സമ്പദ് വ്യവസ്ഥ പതിനൊന്നാം സ്ഥാനത്തായിരുന്നു. പത്ത് വർഷത്തെ മോദി ഭരണത്തിൽ ഇത് അഞ്ചാം സ്ഥാനത്തെത്തി. അദ്ദേഹത്തെ മൂന്നാമതും രാജ്യത്തിന്റെ പ്രധാനമന്ത്രിയാക്കിയാൽ ഇന്ത്യയെ ലോകത്തിലെ മൂന്നാമത്തെ വലിയ സമ്പദ് വ്യവസ്ഥയാക്കും' -അമിത് ഷാ കൂട്ടിച്ചേർത്തു.

# ശശാങ്ക് സിങ്ങിനോട് പരസ്യമായി മാപ്പ് പറഞ്ഞ് ഹർഷ ഭോഗ്‌ലെ

ഐ.പി.എല്ലിൽ ഇന്നലെ നടന്ന മത്സരത്തിൽ കൊൽക്കത്ത നൈറ്റ് റൈഡേഴ്സിനെതിരെ പഞ്ചാബ് കിങ്സ് എട്ട് വിക്കറ്റിന്റെ തകർപ്പൻ വിജയമാണ് സ്വന്തമാക്കിയത്. ഈഡൻ ഗാർഡൻസിൽ ടോസ് നേടിയ പഞ്ചാബ് എതിരാളികളെ ബാറ്റിങ്ങിനയച്ച് ആറ് വിക്കറ്റ് നഷ്ടത്തിൽ 261 റൺസ് ആണ് കൊൽക്കത്ത നേടിയത്.

ആവേശകരമായ മത്സരത്തിന്റെ അവസാനം 18.4 ഓവറിൽ രണ്ട് വിക്കറ്റ് നഷ്ടത്തിൽ 262 റൺസ് നേടി വിജയം സ്വന്തമാക്കുകയായിരുന്നു പഞ്ചാബ്. വിജയത്തിന് ശേഷം പഞ്ചാബിന്റെ സ്റ്റാർ ഓപ്പണർ ജോണി ബെയർസ്റ്റോ സംസാരിച്ചിരുന്നു. പഞ്ചാബിന്റെ തകർപ്പൻ വിജയത്തിന് പിന്നിൽ ശശാങ്ക് സിങ്ങിന്റെ മിന്നും പ്രകടനമാണെമാണെന്നാണ് ഓപ്പണർ പറഞ്ഞത്.

28 പന്തിൽ നിന്ന് എട്ട് സിക്സും രണ്ട് ഫോറും ഉൾപ്പെടെ 68 റൺസ് നേടി ശശാങ്ക് സിങ് ഏവരേയും അമ്പരപ്പിക്കുകയായിരുന്നു. 242.86 എന്ന തകർപ്പൻ സ്ട്രൈക്ക് റേറ്റിലാണ് ശശാങ്ക് ബാറ്റ് വീശിയത്. ബെയർസ്റ്റോയും ശശാങ്കുമാണ് ടീമിനെ വിജയത്തിലെത്തിച്ചത്.

എന്നാൽ ശശാങ്ക് സിങ്ങിനോട് മാപ്പ് പറഞ്ഞ് രംഗത്ത് വന്നിരിക്കുകയാണ് ക്രിക്കറ്റ് കമന്റേറ്റർ ഹർഷ ഭോഗ്‌ലെ.

'ശശാങ്ക് സിങ്ങിനെ അശുതോഷ് എന്ന് വിളിച്ചതിന് എനിക്ക് മാപ്പ് പറയാൻ ആഗ്രഹമുണ്ട്, കാരണം രണ്ട് പേരേയും ഞങ്ങൾ കാണുന്നത് പതിവാണ്, അവർ ടീമിന് വേണ്ടി ഗംഭീര പ്രകടനമാണ് കാഴ്ചവെച്ചത്. ഞാൻ പറഞ്ഞത് അശുതോഷ് ശർമ നന്നായി കളിച്ചു എന്നാണ്, പിന്നീടാണ് അത് ശശാങ്ക് സിങ് ആണെന്ന് മനസിലായത്,' ഹർഷ ഭോഗ്‌ലെ ക്രിക്ബസിനോട് പറഞ്ഞു.

നിലവിൽ പോയിന്റ് പട്ടികയിൽ രണ്ടാം സ്ഥാനത്താണ് കെ.കെ.ആർ. ഇതുവരെ അഞ്ച് മത്സരങ്ങൾ ജയിച്ചപ്പോൾ മൂന്ന് മത്സരങ്ങൾ കൊൽക്കത്ത തോൽക്കുകയും ചെയ്തിട്ടുണ്ട്. ഒമ്പത് കളികളിൽ നിന്ന് ആറ് പോയിന്റുമായി പഞ്ചാബ് എട്ടാം സ്ഥാനത്താണ്.

# ഒരോ മത്സരം കഴിയും തോറും ഡെൽഹിയുടെ പ്ലേ ഓഫ് സാധ്യത വർധിക്കുകയാണ് എന്ന് പന്ത്




ഡെൽഹി ക്യാപിറ്റൽസിന്റെ പ്ലേ ഓഫ് സാധ്യതകൾ വർധിക്കുക ആണെന്ന് ക്യാപ്റ്റൻ റിഷഭ് പന്ത്. ശനിയാഴ്ച നടന്ന ഐപിഎൽ 2024 മത്സരത്തിൽ മുംബൈ ഇന്ത്യൻസിന് എതിരെ 10 റൺസിന്റെ ആവേശകരമായ വിജയം നേടിയ ശേഷം സംസാരിക്കുക ആയിരുന്നു ഋഷഭ് പന്ത്. ഡെൽഹി ഇന്നലത്തെ ജയത്തോടെ 10 പോയിന്റുമായി അഞ്ചാം സ്ഥാനത്തെത്തി.

"സ്കോർ 250 കടന്നതിൽ ഞങ്ങൾ വളരെ സന്തുഷ്ടരാണ്. എന്നാൽ ഇംപാക്റ്റ് പ്ലെയർ റൂൾ നിലവിൽ വന്നതോടെ, ഓരോ ഗെയിം കടന്നുപോകുമ്പോഴും എത്ര വലിയ സ്കോർ ആയാലും ഡിഫൻഡ് ചെയ്യുക ബുദ്ധിമുട്ടായിക്കൊണ്ടിരിക്കുകയാണ്." പന്ത് പറഞ്ഞു.

"ഫ്രേസർ-മക്ഗുർക്ക് ആദ്യ ദിവസം മുതൽ ഞങ്ങളെ അതിശയിപ്പിക്കുന്നു. ഒരു യുവ കളിക്കാരനിൽ നിന്ന് നിങ്ങൾ ആഗ്രഹിക്കുന്നത് ഇതാണ്; ഓരോ കളിയിലും അവൻ കൂടുതൽ മെച്ചപ്പെടുന്നു. നമ്മുടെ പ്ലേ ഓഫ് സാധ്യതകൾ നാൾക്കുനാൾ വർധിച്ചുവരികയാണ്. എങ്കിലും ഒരു സമയം ഒരു മത്സരം എന്ന രീതിയിലാണ് ഞങ്ങൾ കളിയെ സമീപിക്കുന്നത്. അധികം മുന്നോട്ട് ചിന്തിക്കുന്നില്ല," പന്ത് കൂട്ടിച്ചേർത്തു.

# അവസാന ലാപ്പിൽ കാലിടറി ലിവർപൂൾ

ലണ്ടൻ: കിരീടപോരാട്ടത്തിലേക്കുള്ള അവസാന ലാപ്പിൽ വീണ്ടും കാലിടറി ലിവർപൂൾ. വിജയം മാത്രം ലക്ഷ്യമിട്ടിറങ്ങിയ ചെമ്പടയെ വെസ്റ്റ് ഹാം യുണൈറ്റഡ് സമനിലയിൽ തളച്ചു. വെസ്റ്റ്ഹാം തട്ടകമായ ലണ്ടൻ സ്റ്റേഡിയത്തിൽ നടന്ന മത്സരത്തിൽ ഇരു ടീമുകളും രണ്ട് ഗോൾവീതം നേടി (22).

ജെറോഡ് ബോവെനിലൂടെ (43) വെസ്റ്റ്ഹാം മത്സരത്തിൽ ആദ്യമായി വലകുലുക്കി. രണ്ടാം പകുതിയുടെ മൂന്നാം മിനിറ്റിൽ റോബെർട്സനിലൂടെ(48) ചെമ്പട മറുപടി കണ്ടെത്തി. 65ാം മിനിറ്റിൽ അൽഫോൺസ് അറേയോലയുടെ സെൽഫ് ഗോളിൽ ലിവർപൂൾ മുന്നിലെത്തിയെങ്കിലും 77ാം മിനിറ്റിൽ മിഖായിൽ അന്റോണിയോ ആതിഥേയരെ വീണ്ടും ഒപ്പമെത്തിച്ചു.




അവസാന മിനിറ്റുകളിൽ വിജയ ഗോളിനായി ലിവർപൂൾ ആക്രമണ മൂർച്ചകൂട്ടിയെങ്കിലും പ്രതിരോധ കോട്ടകെട്ടി വെസ്റ്റ് ഹാം മത്സരം പൂർത്തിയാക്കി. സമനില നേരിട്ടതോടെ ലിവർപൂളിന്റെ കിരീടപോരാട്ടത്തിനും തിരിച്ചടി നേരിട്ടു. നിലവിൽ 35 കളിയിൽ 75 പോയന്റാണ് സമ്പാദ്യം. രണ്ടാമതുള്ള മാഞ്ചസ്റ്റർ സിറ്റിക്ക് 33 മത്സരങ്ങളിൽ 76 പോയന്റുണ്ട്. ഒരുപോയന്റ് അധികമുള്ള ആഴ്സനലാണ് ടോപ്പിൽ. കഴിഞ്ഞ മത്സരത്തിൽ എവർട്ടനോട് തോൽവി വഴങ്ങിയ ലിവർപൂളിന് അവസാനം കളിച്ച രണ്ട് മാച്ചിൽ നിന്ന് ഒരുപോയന്റ് മാത്രമാണ് നേടാനായത്.

മറ്റൊരു മത്സരത്തിൽ സ്വന്തം തട്ടകമായ ഓൾഡ് ട്രാഫോർഡിൽ ബേൺലിയോട് സമനിലയിൽ കുരുങ്ങി യുണൈറ്റഡ്. ആന്റണിയിലൂടെ 79ാം മിനിറ്റിൽ ലീഡ് നേടിയെങ്കിലും 87ാം മിനിറ്റിൽ പെനാൽറ്റിയിലൂടെ സന്ദർശകർ സമനിലപിടിച്ചു. സെകി അംധോനിയാണ് ഗോൾ നേടിയത്. മറ്റു മത്സരങ്ങളിൽ ന്യൂകാസിൽ യുണൈറ്റഡ് ഒന്നിനെതിരെ അഞ്ച് ഗോളിന് ന്യൂകാസിൽ യുണൈറ്റഡിനേയും എവർട്ടൻ എതിരില്ലാത്ത ഒരുഗോളിന് ബ്രെൻഡ് ഫോർഡിനേയും വോൾവ്സ് ലുട്ടൻടൗണിനേയും (21) തകർത്തു. ഫുൾഹാം-ക്രിസ്റ്റൽ പാലസ് മത്സരം(11) സമനിലയിൽ പിരിഞ്ഞു.

# ലഖ്നൗവിനെ മുട്ടുകുത്തിച്ച് രാജസ്ഥാൻ

ലഖ്നൗ: അർധസെഞ്ചറികളുമായി ക്യാപ്റ്റന്മാർ പടനയിച്ച ഐപിഎൽ പോരിൽ ജയം സഞ്ജുവിന്റെ രാജസ്ഥാൻ റോയൽസിന്. ലഖ്നൗ സൂപ്പർ ജയന്റ്സിനെതിരെ ഏഴ് വിക്കറ്റിന്റെ ജയമാണ് രാജസ്ഥാൻ നേടിയത്.

ഒൻപതു മത്സരങ്ങളിൽ എട്ട് എണ്ണവും ജയിച്ച് രാജസ്ഥാൻ പോയിന്റ് പട്ടികയിൽ 16 പോയിന്റുകളോടെ ഒന്നാം സ്ഥാനത്ത് ഇരിപ്പുറപ്പിച്ചു. രണ്ട് ടീമിലും ഏറ്റവും മികച്ച പ്രകടനം നടത്തിയത് അതാത് ടീമിലെ ക്യാപ്റ്റന്മാരായിരുന്നു എന്നതാണ് പോരാട്ടത്തിന് ആവേശമായത്.

ടോസ് നഷ്ടപ്പെട്ട് ആദ്യം ബാറ്റിങ്ങിനിറങ്ങിയ ലഖ്നൗ, നിശ്ചിത 20 ഓവറിൽ അഞ്ച് വിക്കറ്റ് നഷ്ടത്തിൽ 196 റൺസെടുത്തു. മറുപടി ബാറ്റിങ്ങിനിറങ്ങിയ രാജസ്ഥാൻ 19 ഓവറിൽ മൂന്ന് വിക്കറ്റ് നഷ്ടത്തിൽ ലക്ഷ്യം മറികടക്കുകയായിരുന്നു. കെ എൽ രാഹുലിന്റെ അർധ സെഞ്ചുറിയാണ് (76) ലഖ്നൗ ഇന്നിങ്സിനു കരുത്തായതെങ്കിൽ, സഞ്ജു സാംസന്റെ അർധ സെഞ്ചുറിയാണ് (71) രാജസ്ഥാൻ വിജയത്തിൽ നിർണായകമായത്. മൂന്നു വിക്കറ്റ് മാത്രം നഷ്ടത്തിൽ രാജസ്ഥാൻ വിജയം തൊടുമ്പോൾ ബാക്കിയായത് 6 പന്തുകളാണ്.

പിരിയാത്ത നാലാം വിക്കറ്റിൽ സഞ്ജു ജുറേൽ സഖ്യം പടുത്തുയർത്തിയ സെഞ്ചറി കൂട്ടുകെട്ടാണ് രാജസ്ഥാനെ വിജയത്തിൽ എത്തിച്ചത്. വെറും 62 പന്തിൽ നിന്ന് ഇരുവരും അടിച്ചുകൂട്ടിയത് 121 റൺസാണ്. 28 പന്തിലാണ് സഞ്ജു അർധസെഞ്ചറി പിന്നിട്ടത്. ജുറേൽ 31 പന്തിലും അർധസെഞ്ചറി കടന്നു. സഞ്ജു 33 പന്തിൽ നിന്നും 71 റൺസുമായി പുറത്താകാതെ നിന്നു. ജുറേൽ 34 പന്തിൽ 52 റൺസോടെ ക്യാപ്റ്റനു കൂട്ടുനിന്നു.

ഓപ്പണിങ് വിക്കറ്റിൽ വെറും 35 പന്തിൽ നിന്ന് 60 റൺസ് അടിച്ചുകൂട്ടി ഓപ്പണർമാരായ ജോഷ് ബട്‌ലറിന്റെയും യശസ്വി ജയ്സ്വാളിന്റെയും മിന്നുന്ന തുടക്കത്തോടെയാണ് രാജസ്ഥാൻ കളത്തിൽ ആധിപത്യം സ്ഥാപിച്ചത്.

ലക്നൗവിനായി മാർക്കസ് സ്റ്റോയ്നിസ് ഒരു ഓവറിൽ മൂന്നു റൺസ് വഴങ്ങിയും യഷ് താക്കൂർ നാല് ഓവറിൽ 50 റൺസ് വഴങ്ങിയും അമിത് മിശ്ര രണ്ട് ഓവറിൽ 20 റൺസ് വഴങ്ങിയും ഓരോ വിക്കറ്റെടുത്തു.

ക്വിന്റൻ ഡി കോക്ക് (8), കഴിഞ്ഞ കളിയിലെ സെഞ്ചറി വീരൻ മാർക്കസ് സ്റ്റോയിനിസ് (0) എന്നിവർ ക്ഷണം മടങ്ങിയത് ലഖ്നൗവിനു തിരിച്ചടിയായി. നിക്കോളാസ് പൂരാനും (11) അധികം ആയുസുണ്ടായില്ല. എന്നാൽ രാഹുൽ ദീപകും ചേർന്നു ടീമിനു പൊരുതാവുന്ന സ്കോർ സമ്മാനിക്കുകയായിരുന്നു. 13 പന്തിൽ 18 റൺസുമായി ആയുഷ് ബദോനിയും 11 പന്തിൽ 15 റൺസുമായി ക്രുണാൽ പാണ്ഡ്യയും ചേർന്നാണ് സ്കോർ 200നു അരികിൽ എത്തിച്ചത്. രാജസ്ഥാനായി സന്ദീപ് ശർമ രണ്ട് വിക്കറ്റുകൾ വീഴ്ത്തി.




ട്രെന്റ് ബോൾട്ട്, അവേശ് ഖാൻ, ആർ അശ്വിൻ, യുസ്‌വേന്ദ്ര ചഹൽ എന്നിവർ ഓരോ വിക്കറ്റെടുത്തു.

## ക്രിസ്റ്റ്യാനോയെ കാണാൻ നടന്നത് 1100 കി.മി; ആഗ്രഹ പൂർത്തീകരണത്തിന്റെ സന്തോഷത്തിൽ സിവിൻ

കോഴിക്കോട്: വ്യാഴാഴ്ച ഉച്ച. റിയാദിലെ അൽ നസ്ർ സ്റ്റേഡിയത്തിനു വെളിയിൽ ക്രിസ്റ്റ്യാനോ റൊണാൾഡോയുടെ കാർ ഒന്നുനിർത്തി. തന്നെ നോക്കിനിൽക്കുന്ന ചെറുപ്പക്കാരനോട് നിറഞ്ഞു ചിരിച്ചു. കാത്തുകാത്തിരുന്ന മുഹൂർത്തം. ആ സ്വപ്നത്തെ സിവിൻ ഫോണിലേക്ക് പകർത്തി. പിന്നെ, ഏഴാം നമ്പർ ജേഴ്സിയിൽ ഒരു കൈയൊപ്പും. "എന്താണ് പറയേണ്ടതെന്നറിയില്ല. ഞാൻ കണ്ടു, തൊട്ടരികിൽ. പഠിച്ചുവെച്ച പോർച്ചുഗീസിൽ എന്തൊക്കെയോ പറഞ്ഞു. അദ്ദേഹം ചിരിച്ചു" -പോർച്ചുഗൽ ഫുട്ബോളറായ ക്രിസ്റ്റ്യാനോയെ കാണാൻവേണ്ടിമാത്രം ദുബായിൽനിന്ന് സൗദിയിലേക്ക് നടന്നെത്തിയ കോഴിക്കോട് കോടഞ്ചേരിക്കാരൻ സിവിന്റെ വാക്കുകളിൽ ആഹ്ലാദവും ആവേശവുമുണ്ട്.

ക്രിസ്റ്റ്യാനോയുടെ കടുത്ത ആരാധകനായ കെ.പി. സിവിൻ 1100 കിലോമീറ്ററോളം താണ്ടിയാണ് ദുബായിൽനിന്ന് സൗദിയുടെ തലസ്ഥാനമായ റിയാദിലെത്തിയത്. മാർച്ച് ഏഴിന് യാത്ര തുടങ്ങി. ഏപ്രിൽ 11-ന് റിയാദിലെത്തി. ക്രിസ്റ്റ്യാനോ കളിക്കുന്ന അൽ നസ്ർ ക്ലബ്ബിന്റെ ഔദ്യോഗികമത്സരം നടക്കുന്ന അൽ അവൽ പാർക്ക് സ്റ്റേഡിയംവരെ നടന്നെത്തി. കളികാണാനുള്ള ടിക്കറ്റും കിട്ടി. അന്ന് ക്രിസ്റ്റ്യാനോ കളിക്കാനിറങ്ങിയില്ല. സ്റ്റേഡിയം പരിസരത്തുനിന്ന് റോണോയുടെ വീഡിയോയൊക്കെ എടുത്തു. എന്നും രാവിലെമുതൽ വൈകീട്ടുവരെ ക്ലബ്ബിനുമുന്നിൽ നിൽക്കും. ക്രിസ്റ്റ്യാനോ പരിശീലനത്തിനെത്തുന്നതും പോകുന്നതുമെല്ലാം കാണും. കഴിഞ്ഞ ദിവസം അൽ നസ്ർ മാനേജ്മെന്റ് ഓഫീസിലെത്തി. ആരാധകന്റെ ആവേശം ഉൾക്കൊണ്ട് അവർ പ്രത്യേക സമ്മാനം നൽകി.

ക്രിസ്റ്റ്യാനോയോടുള്ള ആരാധനയും ബഹുമാനവും അറിയിക്കണമെന്ന ഉദ്ദേശ്യത്തോടെയാണ് നടന്നുപോകാൻ തീരുമാനിച്ചത്. അതിസുരക്ഷയുള്ളതിനാൽ നേരിട്ട് കാണാൻ പറ്റുമോയെന്ന് മാനേജ്മെന്റും സംശയം പറഞ്ഞു. പ്രതീക്ഷ കൈവിടാതെ കാത്തിരുന്നു.

അത് വെറുതെയായില്ല. ദുബായിൽ ഇൻഷുറൻസ് മേഖലയിൽ ജോലിചെയ്യുന്ന സിവിൻ രണ്ടു മാസത്തെ അവധിയെടുത്താണ് യാത്രതുടങ്ങിയത്. ദുബായ്-അബുദാബി-റിയാദ് എന്ന രീതിയിലായിരുന്നു സഞ്ചാരം. ശരാശരി ദിവസം 35-45 കിലോമീറ്ററോളം നടന്നു. സൗദിയിലേക്ക് വിസയുണ്ടായിരുന്നു. ഈത്തപ്പഴവും വെള്ളവും കൈയിൽ കരുതി. നോമ്പുകാലമായതിനാൽ നോമ്പുതുറക്കുന്ന മലയാളികൾക്കും മറ്റുള്ളവർക്കുമൊപ്പമായിരുന്നു ഭക്ഷണം. യാത്രാലക്ഷ്യം അറിഞ്ഞപ്പോൾ നാട്ടുകാരും പോലീസുമെല്ലാം കൂടെനിന്നു.

# ഞാൻ ഇന്ത്യൻ സെലക്ടർ ആയാൽ എന്റെ ആദ്യ ചോയിസ് സഞ്ജുവാണ്; കെവിൻ പീറ്റേഴ്സൺ

ഐ.പി.എല്ലിൽ ഇന്നലെ നടന്ന മത്സരത്തിൽ രാജസ്ഥാൻ റോയൽസ് ഏഴ് വിക്കറ്റിന്റെ തകർപ്പൻ വിജയമാണ് ലഖ്നൗ സൂപ്പർ ജെയിന്റ്സിനെതിരെ സ്വന്തമാക്കിയത്. ലഖ്നൗവിന്റെ തട്ടകമായ എകാന സ്പോർട്സ് സിറ്റി സ്റ്റേഡിയത്തിൽ ടോസ് നേടിയ രാജസ്ഥാൻ എതിരാളികളെ ബാറ്റിങ്ങിന് അയക്കുകയായിരുന്നു.

നിശ്ചിത ഓവറിൽ അഞ്ച് വിക്കറ്റ് നഷ്ടത്തിൽ 196 റൺസ് ആണ് ലഖ്നൗ നേടിയത്. മറുപടി ബാറ്റിങ്ങിൽ രാജസ്ഥാൻ ക്യാപ്റ്റൻ സഞ്ജു സാംസണിന്റെയും ധ്രുവ് ജുറലിന്റെയും ഐതിഹാസികമായ അർധ സെഞ്ചറി മികവിലാണ് ടീം വിജയം സ്വന്തമാക്കിയത്.




സഞ്ജു 33 പന്തിൽ നിന്ന് നാല് സിക്സും ഏഴ് ഫോറും പടക്കം 71 റൺസാണ് അടിച്ചുകൂട്ടിയത്. 215.55 എന്ന കിടിലൻ സ്ട്രൈക്ക് റേറ്റിലാണ് താരം കളിച്ചത്. മത്സരത്തിൽ സഞ്ജു തന്നെയാണ് പ്ലെയർ ഓഫ് ദി മാച്ച് അവാർഡും സ്വന്തമാക്കിയത്.

ഇതോടെ പല മുൻ താരങ്ങളും സഞ്ജുവിനെ പ്രശംസിച്ച് മുന്നോട്ട് വന്നിരിക്കുകയാണ്. ഇപ്പോൾ സൗത്ത് ആഫ്രിക്കൻ ക്രിക്കറ്റ് താരം കെവിൻ പീറ്റേഴ്സനും സഞ്ജുവിനെ പ്രശംസിച്ച് രംഗത്ത് വന്നിരിക്കുകയാണ്. ഐ.പി.എല്ലിന് ശേഷം വരാനിരിക്കുന്ന ടി-20 ലോകകപ്പിൽ പീറ്റേഴ്സൻ സെലക്ടറാണെങ്കിൽ സഞ്ജുവാണ് തന്റെ ആദ്യത്തെ ചോയിസ് എന്നാണ് മുൻ താരം പറഞ്ഞത്.


'ഞാൻ ഒരു ഇന്ത്യൻ സെലക്ടർ ആയിരുന്നെങ്കിൽ സഞ്ജുവായിരിക്കും ലോകകപ്പിലേക്കുള്ള എന്റെ ആദ്യത്തെ ചോയിസ്, അവൻ വെസ്റ്റ് ഇൻഡീസിലും യു.എസ്.എയിലും തീർച്ചയായും പൊരുതും,' കെവിൻ സ്റ്റാർ സ്പോർട്സിൽ പറഞ്ഞു.

സഞ്ജുവിന് പുറമെ ജുറൽ 34 പന്തിൽ നിന്ന് രണ്ട് സിക്സും 5 ഫോറും ഉൾപ്പെടെ 52 റൺസ് നേടി. ഇരുവരും പുറത്താക്കാതെ മത്സരം ഫിനിഷ് ചെയ്തപ്പോൾ പോയിന്റ് പട്ടികയിൽ ഒമ്പതു മത്സരത്തിൽ നിന്നും എട്ട് വിജയവുമായി ടേബിൾ ടോപ്പർ ആണ് രാജസ്ഥാൻ.

ഓപ്പണർ യശസ്വി ജെയ്സ്വാളും ജോസ് ബട്‌ലറും മികച്ച തുടക്കമായിരുന്നു ടീമിന് നൽകിയത്. യശസ്വി 18 പന്തിൽ നിന്ന് 24 റൺസ് നേടിയപ്പോൾ ജോസ് 18 പന്തിൽ നിന്ന് 34 റൺസ് നേടി. യാഷ് താക്കൂറിന്റെ ലെഗ് ലൈൻ ജോസിൻ വിക്കറ്റ് നഷ്ടപ്പെട്ടപ്പോൾ സ്റ്റോയിനിസിന്റെ കൈകൊണ്ട് ജെയ്സ്വാളും പുറത്തായി. ശേഷം ഇറങ്ങിയ റിയാൻ പരാഗ് 14 റൺസിന് പുറത്തായപ്പോൾ സമ്മർദ്ദഘട്ടത്തിൽ നിന്നാണ് ക്യാപ്റ്റൻ ടീമിനെ വിജയത്തിൽ എത്തിച്ചത്.

ആദ്യം ബാറ്റ് ചെയ്ത സൂപ്പർ ജെയ്ന്റ്സ് ക്യാപ്റ്റൻ കെ.എൽ. രാഹുലിന്റെ വെടിക്കെട്ട് പ്രകടനത്തിലാണ് സ്കോർ ഉയർത്തിയത്. 48 പന്തിൽ നിന്ന് രണ്ട് സിക്സറും 8 ഫോറും അടക്കം 76 റൺസാണ് താരം നേടിയത്. ആദ്യ ഓവറിൽ തന്നെ രാജസ്ഥാന്റെ ട്രെന്റ് ബോൾട്ട് ഓപ്പണർ ക്വിന്റൺ ഡി കോക്കിനെ എട്ട് റൺസിന് പറഞ്ഞയച്ചപ്പോൾ സന്ദീപ് ശർമ സ്റ്റോയിനിസിനെ പൂജ്യം റൺസിനാണ് പുറത്താക്കിയത്.

രാഹുലിനൊപ്പം ദീപക് ഹൂഡയുടെ മികച്ച കൂട്ടുകെട്ട് ടീമിന് സ്കോർ ഉയർത്താൻ സഹായിച്ചു. 31 പന്തിൽ നിന്ന് 7 ഫോർ അടക്കം 50 റൺസ് എടുക്കുകയായിരുന്നു താരം. പിന്നീട് ഇറങ്ങിയ നിക്കോളാസ് പൂരനെ 11 റൺസിന് മറ്റൊരു സ്പെല്ലിൽ സന്ദീപ് പുറത്താക്കി. പിന്നീട് ബധോണി 18 റൺസും ക്രുണാൽ പാണ്ഡ്യ 15 റൺസും നേടിയാണ് മികച്ച പ്രകടനം കാഴ്ച വച്ചത്.




# ലയണൽ മെസ്സിക്ക് ഇരട്ട ഗോളും അസിസ്റ്റും ഇന്റർ മയാമി ഒന്നാമത് തുടരുന്നു

ലയണൽ മെസ്സിയുടെ മികവിൽ ഇന്റർ മയാമിക്ക് ഒരു മികച്ച വിജയം. ഇന്ന് മേജർ ലീഗ് സോക്കറിൽ ന്യൂ ഇംഗ്ലണ്ടിനെ നേരിട്ട ഇന്റർ മയാമി ഒന്നിനെതിരെ നാലു ഗോളുകൾക്ക് ആണ് വിജയിച്ചത്.

തുടക്കത്തിൽ ഒരു ഗോളിന് പിറകിൽ പോയ ശേഷം തിരിച്ചടിച്ചാണ് മെസ്സിയും സംഘവും വിജയം സ്വന്തമാക്കിയത്.

ഇന്ന് മത്സരത്തിന്റെ ഒന്നാമത്തെ മിനുട്ടിൽ തന്നെ തോമസ് ചാൻസലയിയിലൂടെ ന്യൂ ഇംഗ്ലണ്ട് ലീഡ് എടുത്തു. ഇതിനു 32ആം മിനുട്ടിൽ ലയണൽ മെസ്സി മറുപടി നൽകി. ഇതോടെ സ്കോർ 1-1 എന്നായി. രണ്ടാം പകുതിയിൽ 67ആം മിനിട്ടിലായിരുന്നു മെസ്സിയുടെ രണ്ടാം ഗോൾ. ബുസ്കറ്റ്സ് നൽകിയ മനോഹരമായ പാസ് സ്വീകരിച്ചാണ് മെസ്സി തന്റെ രണ്ടാം ഗോൾ നേടിയത്.

83ആം മിനിറ്റിൽ ബെഞ്ചമിൻ ക്രമസ്ചിയും ഗോൾ നേടി. കളിയുടെ അവസാന നിമിഷങ്ങളിൽ ലയണൽ മെസ്സിയുടെ അസിസ്റ്റിൽ സുവാരസ് കൂടെ ഗോൾ നേടിയതോടെ വിജയം പൂർത്തിയായി. 21 പോയിന്റുമായി ഇന്റർ മയാമി ഇപ്പോൾ ലീഗിൽ ഒന്നാമത് നിൽക്കുകയാണ്.

RNI No. 35157/10, Printer, Publisher & Chief Editer P.T. Nizar, Peoples Review, Lynwood (H) Pottangadi Raghavan Road, Opp. HP Petrol Pump, West Nadakkavu, Calicut - 673011, Email: peoplesreviewdaily@gmail.com, Printed at Redstar Printers, Joseph Road, Kozhikode.